## ഗുണനിലവാരമുള്ള വിദ്യാഭ്യാസം
## കുട്ടികളുടെ അവകാശം
## QEPR

# ഒരുക്കം2009

## ഒരു തീവ്രപഠന പരിപാടി

## സാമൂഹ്യശാസ്ത്രം

**പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം**

സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പ് എസ്.എസ്.എൽ.സി. വിജയശതമാനം 33ൽ കുറവായ വിദ്യാലയങ്ങളുടെ നില മെച്ചപ്പെടുത്താനായി 2006 മുതൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തതിന്റെ ഫലമായി **QEPR** സ്കൂളുകളിൽ മികവുകൾ പരീക്ഷാഫലങ്ങളിലടക്കം പ്രകടമായി പ്രതിഫലിക്കുകയും ചെയ്തുവല്ലോ.

അതുകൊണ്ടുതന്നെ ഈ വർഷവും സി+ൽ കുറയാത്ത ഗ്രേഡ് സംസ്ഥാനത്തെ ഇത്തരത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലേയും മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരുക്കം ഒരുങ്ങി നിങ്ങളുടെ കൈകളിലെത്തുകയാണ്. 25 മണിക്കൂർ സമയം കൊണ്ട് നമ്മുടെ മുഴുവൻ പാഠഭാഗങ്ങളും വിദ്യാർത്ഥികൾക്ക് പുനർസന്ദർശനം നടത്തുവാൻ അവസരം ലഭിക്കുന്ന രീതിയിലാണ് ഇത് സജ്ജമാക്കിയിട്ടുള്ളത്. എന്നാൽ പുതുമയുള്ള പ്രവർത്തനങ്ങളിലൂടെ വേണം ഇവ ക്ലാസ്സിൽ അവതരിപ്പിക്കാൻ. കേവലം ഒരു പരീക്ഷാസഹായിയായി ഇതിനെ കാണാതെ ഓരോ അദ്ധ്യാപകരും അവരവരുടെ ക്ലാസ്സന്തരീക്ഷത്തിനനുസരണമായി മാറ്റങ്ങൾ വരുത്തി അവതരിപ്പിച്ചാൽ ഇതിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുമെന്നതിൽ സംശയമില്ല.

ഒരുക്കത്തിന് പിന്നിൽ പ്രവർത്തിച്ചവർ

എസ്.ഷൗജാമോൻ,
പി.എൻ.എം.ജി.എച്ച്.എസ്.എസ്.
കൂന്തള്ളൂർ.

സുധീഷ് ഷേണായി,
റ്റി.ഡി.എച്ച്.എസ്., മട്ടാഞ്ചേരി.

പി.മോഹനൻ, ജി.വി.എച്ച്.എസ്.
മേപ്പയൂർ.

വി.രാജൻ, ജി.വി.എച്ച്.എസ്.എസ്.,
കതിരൂർ, തലശ്ശേരി.

എസ്.എൽ.ഷൈജു, ജി.എച്ച്.എസ്.,
തൊളിക്കോട്.



## ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം (QEPR) പദ്ധതി മൂന്നു വർഷം പിന്നിടുകയാണ്. 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 33%ത്തിൽ താഴെ വിജയമുണ്ടായിരുന്ന 104 വിദ്യാലയങ്ങളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നത്. മുൻ വർഷങ്ങളിൽ നടത്തിയ ചിട്ടയായ ആസൂത്രണത്തിന്റെയും പ്രവർത്തങ്ങളുടെയും ഫലമായി ഈ വിദ്യാലയങ്ങൾ ഏറെ മുന്നേറിയിട്ടുണ്ട്. 2008 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ QEPR പദ്ധതിയിൽപ്പെട്ട 26 വിദ്യാലയങ്ങൾ 100% വിജയം നേടി. 80ലധികം വിദ്യാലയങ്ങൾ 80%ത്തിലധികം വിജയം നേടി. ഈ മികവുകൾ നിലനിർത്താനും കൂടുതൽ മെച്ചപ്പെടുത്താനുമുള്ള നിരവധി ശ്രമങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. അതിലൊന്നാണ് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായി തയ്യാറാക്കുന്ന 'ഒരുക്കം' തീവ്രപഠനസഹായി.

2009 ജനുവരി 16 മുതൽ ഫെബ്രുവരി 9 വരെ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കൃത്യതയും സൂക്ഷ്മതയും ദിശാബോധവും നൽകലാണ് 'ഒരുക്ക'ത്തിന്റെ ലക്ഷ്യം. ഇത്തരം പ്രവർത്തനങ്ങളിലൂടെ മുഴുവൻ കുട്ടികളെയും സി+ നിലവാരത്തിന് മുകളിലെത്തിക്കാനാണ് നമ്മൾ ആഗ്രഹിക്കുന്നത്.

ഇതിനായി സ്കൂൾ തലത്തിൽ എസ്.എസ്.ജി., പി.റ്റി.എ., എം.പി.റ്റി.എ., പ്രാദേശിക ഭരണസമിതികൾ എന്നിവയുടെ സഹകരണത്തോടെ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതുവഴി ഈ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു

**മുഹമ്മദ് ഹനീഷ് ഐ.എ.എസ്**

പൊതു വിദ്യാഭ്യാസ ഡയറക്ടർ



## യൂണിറ്റ് ഒന്ന്, മൂന്ന്
## സാമ്രാജ്യത്വവും ഒന്നാംലോകമഹായുദ്ധവും
## രണ്ടാം ലോകമഹായുദ്ധം

**പ്രവർത്തനം 1**

ചാർട്ടിൽ കാണിച്ചിരിക്കുന്നവയെ ദേശീയതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പട്ടികയാക്കുക. അവതരണത്തിന് അവസരം നല്ക്കുക

| |
|---|
| കറുപ്പ് യുദ്ധം |
| ബുവർ യുദ്ധം |
| ഇറ്റലിയുടെ ഏകീകരണം |
| ജർമ്മനിയുടെ ഏകീകരണം |
| ബോക്സർ കലാപം |
| പാൻ ജർമ്മൻ പ്രസ്ഥാനം |
| പാൻസ്ളാവ് പ്രസ്ഥാനം |
| ഇന്ത്യൻ ദേശീയപ്രസ്ഥാനം |
| പ്രതികാര പ്രസ്ഥാനം |
| ഫാസിസം |
| നാസിസം |
| രണ്ടാം ലോകമഹായുദ്ധം |

## Key

| പ്രതിരോധപരമായ ദേശീയത | ആക്രമണപരമായ ദേശീയത |
|---|---|
| കറുപ്പ് യുദ്ധം | ബുവർയുദ്ധം |
| ബോക്സർ കലാപം | ഇറ്റലിയുടെ ഏകീകരണം |
| ഇന്ത്യൻ ദേശീയ പ്രസ്ഥാനം | ജർമ്മനിയുടെ ഏകീകരണം |
| | പാൻ ജർമ്മൻ പ്രസ്ഥാനം |
| | പാൻ സ്ളാവ് പ്രസ്ഥാനം |
| | പ്രതികാര പ്രസ്ഥാനം |
| | നാസിസം |
| | ഫാസിസം |
| | രണ്ടാം ലോകമഹായുദ്ധം |

കറുപ്പ് യുദ്ധത്തെ പ്രതിരോധപരമായ ദേശീയതയുടെ ഉദാഹരണമായും നാസിസത്തെ ആക്രമപരമായ ദേശീയതയുടെ ഉദാഹരണമായി തരം തിരിച്ചെഴുതാനുള്ള കാരണമെന്താണ്? എഴുതിയ ഉത്തരങ്ങൾ അവതരിപ്പുക്കുന്നു.
അദ്ധ്യാപിക ക്രോഡീകരണം നടത്തുന്നു.

പ്രവർത്തനം – 2

ലോകരാഷ്ട്രീയ ഭൂപടം (Photostat copy 5 എണ്ണം) ഗ്രൂപ്പുകളിൽ വിതരണം ചെയ്ത് ആക്രമണപരമായ ദേശീയത, പ്രതിരോധപരമായ ദേശീയത എന്നിവയുമായി മുന്നോട്ട്പോയ രാജ്യങ്ങളെ തിരിച്ചറിഞ്ഞ് എഴുതി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ബൽജിയം, ജപ്പാൻ, ബ്രിട്ടൻ, റഷ്യ എന്നീ രാജ്യങ്ങളെ തിരിച്ചറിയുന്നു.

ഒന്ന്, രണ്ട് ലോകമഹായുദ്ധങ്ങളിൽ ഈ രാജ്യങ്ങൾക്കുള്ള പങ്കെന്താണെന്ന് TBയുടെ സഹായത്താൽ/Writeup ഉപയോഗിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ പരിശോധിച്ച് അവതരണം നടത്തൽ.
ഒപ്പം ഒന്ന്, രണ്ട് ലോകമഹായുദ്ധങ്ങൾക്ക് വഴിയൊരുകിയ കാര്യങ്ങൾ ചേർത്ത് ഗ്രൂപ്പിൽ കൊടുക്കുന്ന പട്ടിക പൂർത്തീകരിക്കാൻ ആവശ്യപ്പെടുക. (ഗ്രൂപ്പിൽ നൽക്കേണ്ട Format താഴെ കൊടുക്കുന്നു.)

**കാരണങ്ങൾ**

| ഒന്നാംലോകമഹായുദ്ധം | രണ്ടാം ലോകമഹായുദ്ധം |
|---|---|
| മൊറോക്കൻ പ്രതിസന്ധി | നാസിസം, ഫാസിസം |
| ...................................... | ................................................ |
| ...................................... | ................................................ |
| ...................................... | ................................................ |
| ...................................... | ................................................ |
| ...................................... | ................................................ |
| ...................................... | ................................................ |

പട്ടികയെ അടിസ്ഥാനമാക്കി ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലെ സമാനതകൾ, വ്യത്യാസങ്ങൾ കണ്ടെത്തി അവതരണം.
തുടർന്ന് Page No. 31, 32, 33 (TB) ഫോട്ടോകളും ഗ്രാഫും നിരീക്ഷിച്ച് യുദ്ധത്തിന്റെ ഫലങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ഈ യുദ്ധങ്ങൾ സൃഷ്ടിച്ച അന്താരാഷ്ട്രഫലങ്ങളിലെ

സാമ്യതകൾ എന്തെന്ന് തയ്യാറാക്കി നല്കുന്ന Write upന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് അവതരണം - ക്രോഡീകരണം.

**പ്രവർത്തനം - 3**

ലോകമഹായുദ്ധങ്ങൾക്ക് ശേഷം സമാധാനസംഘടനകൾ രൂപീകരിക്കപ്പെട്ടു. ഇവ തമ്മിൽ സമാനതകളും വ്യത്യാസങ്ങളുമുണ്ടായിരുന്നു.

താഴെ കൊടുത്തിട്ടുള്ള പട്ടിക (Copy യെടുത്ത് ഗ്രൂപ്പുകളിൽ നല്കണം) പൂർത്തീകരിച്ച് താരതമ്യം ചെയ്യാമോ?

തയ്യാറാക്കിയ താരതമ്യകുറിപ്പുകളുടെ അടിസ്ഥാനത്തിൽ ചർച്ചനടത്തി വ്യക്തത കൈവരുത്തണം.

| സവിശേഷതകൾ | ലീഗ് ഓഫ് നേഷൻസ് | ഐക്യരാഷ്ട്രസംഘടന |
|---|---|---|
| രൂപീകരണവർഷം | | |
| ലക്ഷ്യങ്ങൾ | | |
| ഘടകങ്ങൾ | | |
| സമാനതകൾ | | |
| വ്യത്യാസങ്ങൾ | | |

Key

| സവിശേഷതകൾ | ലീഗ്ഓഫ് നേഷൻസ് | ഐക്യരാഷ്ട്ര സംഘടന |
|---|---|---|
| രൂപീകരണവർഷം | 1920 | 1945 |
| ലക്ഷ്യങ്ങൾ | അന്താരാഷ്ട്രസമാധാനം<br>സുരക്ഷിതത്വം ഉറപ്പുവരുത്താൻ<br>അന്താരാഷ്ട്ര സഹകരണം<br>യുദ്ധങ്ങൾ തടയുക | അന്താരാഷ്ട്രസമാധാനം<br>സുരക്ഷിതത്വം ഉറപ്പുവരുത്താൻ<br>അന്താരാഷ്ട്ര സഹകരണം<br>യുദ്ധങ്ങൾ തടയുക |
| ഘടകങ്ങൾ | അസംബ്ളി, കൗൺസിൽ<br>സെക്രട്ടറിയേറ്റ്<br>അന്താരാഷ്ട്ര നീതിന്യായകോടതി | പൊതുസഭ, രക്ഷാസമിതി,<br>ട്രസ്റ്റീഷിപ്പ് കൗൺസിൽ<br>സാമ്പത്തിക സാമൂഹ്യസമിതി,<br>അന്താരാഷ്ട്ര നീതിന്യായ കോടതി |
| പ്രവർത്തന-സമാനതകൾ | യുദ്ധങ്ങൾ ഒഴിവാക്കി<br>അടിമത്തത്തിനെതിരെ<br>നിലകൊണ്ടു.<br>അതിർത്തി പ്രശ്നങ്ങളിൽ ഇടപെട്ടു<br>വർണവിവേചനത്തെ എതിർത്തു | യുദ്ധങ്ങൾ ഒഴിവാക്കി<br>അടിമത്തത്തിനെതിരെ<br>നിലകൊണ്ടു.<br>അതിർത്തി പ്രശ്നങ്ങളിൽ ഇടപെട്ടു<br>വർണവിവേചനത്തെ എതിർത്തു |

| | | |
|---|---|---|
| പ്രവർത്തന-<br>വ്യത്യാസങ്ങൾ | പ്രബലരാജ്യങ്ങൾ<br>പങ്കാളികളായിരുന്നില്ല<br>പ്രത്യേകസൈന്യം ഇല്ല<br>പ്രത്യേക ഏജൻസികൾ | സെക്യൂരിറ്റി കൗൺസിലിന്റെ<br>വീറ്റോ അധികാരം<br>192 അംഗകാര്യങ്ങൾ<br>യു.എൻ. ശാന്തിസേന<br>പ്രത്യേക ഏജൻസികൾ |

**പ്രവർത്തനം 4 (മൂല്യനിർണ്ണയ പ്രവർത്തനം)**

തന്നിരിക്കുന്ന വർഷങ്ങളും സംഭവങ്ങളും ഉൾപ്പെടുത്തി സമയരേഖ തയ്യാറാക്കുക. അനുയോജ്യമായ തലക്കെട്ട് നല്കുക Score 5

1920, 1941, 1919, 1945, 1939

ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം, വേഴ്സായ് ഉടമ്പടി, രണ്ടാം ലോക മഹായുദ്ധാരംഭം, ലീഗ് ഓഫ് നേഷൻസ്, അറ്റ്ലാന്റിക്ക് ചാർട്ടർ.

*കൈമാറിവിലയിരുത്തുന്നു.*
*Time line തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട പൊതുവായ കാര്യങ്ങൾ തിരിച്ചറിയാൻ അവസരമുണ്ടാക്കണം.*

**തുടർ പ്രവർത്തനങ്ങൾ**

1) ‘യുദ്ധം മനുഷ്യമനസ്സിലാണരംഭിക്കുന്നത്.
ഭീതിയിൽ നിന്നാണ് യുദ്ധം ഉണ്ടാകുന്നത്.’
ലോകമഹായുദ്ധങ്ങളുടെ വെളിച്ചത്തിൽ പ്രസ്താവനകളെ പരിശോധിക്കുക.

2) ഒരു പൗരൻ എന്നനിലയിൽ ലോകരാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കാൻ എന്തുചെയ്യാൻ കഴിയും?

## യൂണിറ്റ് - രണ്ട്
## ആധുനിക വിപ്ലവങ്ങൾ

**പ്രവർത്തനം - 1**

ആധുനിക വിപ്ലവങ്ങൾക്ക് വഴിയൊരുക്കുകയും സ്വാധീനിക്കുകയും ചെയ്ത ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഇവ വിപ്ലവത്തിലേക്ക് നയിച്ചത് എങ്ങനെ എന്ന് പരിശോധിക്കുക.

| | |
|---|---|
| 1) സോഷ്യലിസ്റ്റ്, മാർക്സിസ്റ്റ് ആശയങ്ങളുടെ പ്രചരണം | തുർക്കിയിലെ ജനാധിപത്യവിപ്ലവം |
| 2) തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളുടെ വളർച്ച | അയലന്റിലെ ഈസ്റ്റർ കലാപം |
| 3) ദേശീയ ജനാധിപത്യത്തിലുള്ള വിശ്വാസം | റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം |
| | ജർമ്മൻവിപ്ലവം |
| | ഇന്ത്യയിലെ സ്വാതന്ത്ര്യ സമരം |

ലോകത്തെമ്പാടുമുണ്ടായിട്ടുള്ള വിപ്ലവങ്ങൾ എല്ലാം തന്നെ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ മോചന ശ്രമങ്ങളായിരുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

TBയിലെ 19, 20 പേജുകൾ റഫർചെയ്ത് ഉത്തരം കണ്ടെത്തിയെഴുതുക.

*(ഗ്രൂപ്പുപ്രവർത്തനം) - അവതരണം, ക്രോഡീകരണം.*

**പ്രവർത്തനം - 2 കളം നിറയ്ക്കൽ**

ഗ്രൂപ്പുകളിൽ താഴെപറയുന്ന സൂചകങ്ങൾ സ്ലിപ്പുകളിൽ എഴുതിയത് നല്കുന്നു. അവചുവടെ നല്കിയിരിക്കുന്ന വർക്ക് ഷീറ്റിൽ എഴുതാനവസരം നല്കുന്നു. വർക്ക്ഷീറ്റ് BBയിൽ വരച്ചു നല്കുക.

**സ്ലിപ്പിൽ ഉൾപ്പെടുത്തേണ്ടവ:**

| | |
|---|---|
| ജനറൽ ഫ്രാങ്കോ | 1918 ഒക്ടോബർ 28 |
| മഹാത്മാഗാന്ധി | ഈസ്റ്റർ ദിനം |
| ലെനിൻ | കാൾലീബ്നിക്ത് |
| യുവതുർക്കികൾ | ഗോർണിക്കാനഗരം |
| മുസ്തഫ കമാൽപാഷ | പുത്തൻസാമ്പത്തിക നയം |
| നീലം കർഷകർ | 1936 |
| ഐറിഷ്റിപ്പബ്ളിക്കൻ ആർമി | യുദ്ധകാലകമ്മ്യൂണിസം |
| റോസാലുക്സംബർഗ് | ചുവപ്പുസേന |




## <u>Worksheet - Evaluation</u>

A കോളത്തിനനുയോജ്യമായ തരത്തിൽ B, C കോളങ്ങൾ ക്രമീകരിക്കുക

Score : 5

| A | B | C |
|---|---|---|
| അബ്ദുൾഹമീദ് II | ക്രിയേൽ | റഷ്യൻ വിപ്ലവം |
| ഐറിഷ് ഫ്രീസ്റ്റേറ്റ് | ചമ്പാരൺ സത്യാഗ്രഹം | 1917 |
| ബോൾഷെവിക്കുകൾ | മുസ്തഫ കമാൽപാഷ | തുർക്കി |
| റോസാലക് സംബർഗ് | ഈസ്റ്റർ കലാപം | ജർമ്മൻ വിപ്ലവം |
| മഹാത്മാഗാന്ധി | ചുവപ്പുസേന | 1916 |

*കൈമാറിവിലയിരുത്തുന്നു.*

*(സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ സാധ്യത).*

## യൂണിറ്റ് 4
## യുദ്ധാനന്തര ലോകം

**പ്രവർത്തനം 1 (അനുബന്ധം – 1 കാണുക)**

അറ്റ്ലസിന്റെ സഹായത്തോടെ (World out line Map Political) Teacher chart ൽ പ്രദർശിപ്പിക്കപ്പെട്ട രാജ്യങ്ങളുടെ പട്ടിക കുട്ടികൾ വ്യക്തിഗതമായി അടയാളപ്പെടുത്താൻ ആവശ്യപ്പെടുന്നു.

തുടർന്ന് ഈ പട്ടികയിൽ കാണിച്ചിരിക്കുന്ന രാജ്യങ്ങൾക്ക് പൊതുവായ സവിശേഷത എന്താണ് എന്നും ഇവ തമ്മിലുള്ള വ്യത്യാസം എന്താണ് എന്നും അന്വേഷിക്കുന്നു. TB 45, 46, 47, Page ന്റെ സഹായത്തൊടെ കണ്ടത്താൻ ആവശ്യപ്പെടുന്നു.

അവരുടെ കണ്ടെത്തലുകൾ അമേരിക്കൻ ചേരി –സേഷ്യലിസ്റ്റ് ചേരി എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.

**പ്രവർത്തനം 2**

യുദ്ധാനന്തര ലോകത്തു അന്താരാഷ്ട്ര രംഗത്തു ഉണ്ടായിട്ടുള്ള പ്രധാന സംഘർഷങ്ങൾ കുട്ടി TB. 45, 46, 47, ഉപയോഗിച്ചു ചാർട്ട് ചെയ്യുന്നു.

സൂചന: സുയസ്കനാൽ പ്രതിസന്ധി – ആണവനയതന്ത്രം – ജർമ്മൻ പ്രതിസന്ധിയും വിഭജനവും – കൊറിയൻ യുദ്ധം – വിയറ്റ്നാം യുദ്ധം – പാലസ്തീൻ പ്രതിസന്ധി – ക്യൂബൻ പ്രതിസന്ധി – ഇറാൻ– ഇറാഖ് യുദ്ധം)

**പ്രവർത്തനം 3**

അന്താരാഷ്ട്ര രംഗത്തു സമാധാനം സ്ഥാപിക്കുന്നതിനുള്ള യു.എൻ. ശ്രമങ്ങൾക്ക് ഏറ്റ തിരിച്ചടിയായിരുന്നു ശീതയുദ്ധം. ശീതയുദ്ധം വളർത്തിയ സംഘർഷങ്ങളുടെ വെളിച്ചത്തിൽ ഈ പ്രസ്താവനയെ സാധൂകരിക്കുക.

കുട്ടികൾ Group അടിസ്ഥാനത്തിൽ (TB 40 to 50 page) വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കി അവതരിപ്പിച്ചു മെച്ചപ്പെടുത്തിയത് ടീച്ചർ ക്രോഡീകരിക്കുന്നു.

**അനുബന്ധം 1 യുദ്ധാനന്തര ലോകം (TB. Page 47 പട്ടിക കാണുക)**

**NATO**

ആസ്ഥാനം - Bressuls

Britan
France
Belgium
Netherland
Italy
Portugal
Canada
U.S.A
Greece
W. Germany

**SEATO**

ആസ്ഥാനം - Bangong
മനില

U.S.A
Britan
Austalia
Netherland
Pakistan
Thailand
Philippines

**CENTO**

ആസ്ഥാനം - അങ്കാറ

Turkey
Britain
Pakistan
Iran

**വാഴ്സ പാറ്റ് രാജ്യങ്ങൾ**

ആസ്ഥാനം- Moscow

U.S.S.R
Poland
Hungary
Chezkoslovakiya
Bulgaria
Romania
Albania
E. Germany

**പ്രവർത്തനം 4**

അറ്റ്ലസിന്റെ സഹായത്തോടെ World Map ന്റെ Out line- ൽ സ്വതന്ത്ര കോളനികൾ കുട്ടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ (TB 51 page ലെ പട്ടിക) പ്രകാരം അടയാളപ്പെടുത്താൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനം 5**

തുടർന്നു പട്ടികപ്പെടുത്തിയ സ്വതന്ത്ര കോളനിരാജ്യങ്ങളെ അമേരിക്കൻ ചേരി; സോഷ്യലിസ്റ്റ് ചേരി രാജ്യങ്ങളുമായി താരതമ്യം ചെയ്തു വ്യത്യാസങ്ങൾ കുറിക്കാൻ ആവശ്യപ്പെടുന്നു.

സൂചന :
(1) പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളാണ്.
(2) മുമ്പ് കോളനികളായിരുന്നു.
(3) ദരിദ്ര രാജ്യങ്ങളാണ്.
(4) Asia, Africa, Latin America മേഖലയിലെ രാജ്യങ്ങളാണ് മിക്കതും.
(5) യുദ്ധത്തോടു ചുഷണത്തിനു എതിർ മനോഭാവം ഉള്ളവ

*കുട്ടികളുടെ അവതരണത്തിലൂടെ മെച്ചപ്പെടുത്തി പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളുടെ പൊതുപ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് Teacher ക്രോഡീകരിക്കുന്നു.*

**പ്രവർത്തനം 6**

ഇങ്ങനെ പൊതുസ്വഭാവവും ആവശ്യവും ലക്ഷ്യവും ഉള്ള സ്വതന്ത്ര കോളനി രാജ്യങ്ങൾ അവരുടെ ലക്ഷ്യപ്രപ്തിക്കായി ശ്രമിച്ചതെങ്ങനെ എന്നു കണ്ടത്താൻ ആവശ്യപ്പെടുന്നു. (TB. 51, 52, 53 Pages)

ചേരിചേര പ്രസ്ഥാനത്തെകുറിച്ച് കുട്ടികൾ മനസിലാക്കി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തനം 7 (അനുബന്ധം 2 കാണുക)**

ടീച്ചർ ചർച്ചാസുചകമുള്ള ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചയിൽ പങ്കെടുക്കുകയും സൂചനയിലേക്ക് ലോകത്തെ കൊണ്ടുവന്നെത്തിച്ച കാര്യകാരണങ്ങൾ കണ്ടെത്തി അവതരിപ്പിക്കലും-മെച്ചപ്പെടുത്തലും. ടീച്ചർ ചർച്ച ക്രോഡീകരിക്കുന്നു.

**അനുബന്ധം - 2**

ചർച്ച സുചകം: ചാർട്ട്

| |
|---|
| ഏക ധ്രുവലോകത്ത് ചേരിചേരാരാജ്യങ്ങൾക്ക് പ്രസക്തി നഷ്ടപ്പെട്ടു. |

| |
|---|
| വൻകിടരാജ്യങ്ങളുടെ അധിനിവേശത്തെ ചെറുക്കുന്നതിന് ചെറിയ രാജ്യങ്ങളുടെ കൂട്ടായ്മക്ക് പ്രസക്തി വർദ്ധിച്ചു . |

സൂചന: ♦ ശീതയുദ്ധം അവസാനിച്ചു
- ♦ U.S.S.R ന്റെ ശിഥിലികരണം
- ♦ U.S.A യുടെ അപ്രമാധിത്വം - എക ധ്രുവലോകം
- ♦ ഇറാക്കിലെ അമേരിക്കൻ അധിനിവേശം
- ♦ U.N.ന്റെ നയങ്ങൾക്ക് തിരിച്ചടി
- ♦ പശ്ചിമ എഷ്യയിലെ സൈനിക ഇടപെടലുകൾ
- ♦ അഫ്ഗാനിസ്ഥാനിലെ ഇടപെടലുകൾ

(സമകാലീന സംഭവങ്ങളെ കൂട്ടിചേർത്തുകൊണ്ടു ചർച്ച നയിക്കാവുന്നതാണ്.)

**പ്രവർത്തനം 8 (അനുബന്ധം 4 കാണുക)**

പശ്ചിമ എഷ്യയുടെ Political out line Mapൽ തന്നിരിക്കുന്ന ഇസ്രയേൽ ന്റെ Map ഉപയോഗിച്ചുകൊണ്ടു ഈജിപ്ത്, ജോർഡാൻ, സിറിയ, ലബനോൺ, ഇറാഖ്, സൗദി അറേബ്യ, യമൺ, അൾജീരിയ എന്നീ രാജ്യങ്ങൾ അടയാളപ്പെടുത്തുക.

**പ്രവർത്തനം 9**

തുടർന്നു താഴെ പറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക
ജറുസലേം, നസറത്ത്, ബത്ലഹേം, ടെൽഅവിവ്, വെസ്റ്റ്ബാങ്ക്, ഖാസ സ്ട്രിപ്പ്, ജെറീക്ക എന്നിവ അടയാളപ്പെടുത്തുക.

**പ്രവർത്തനം 10**

1995ലെ ഉമ്പടിപ്രകാരം സ്വതന്ത്ര പാലസ്തീൻ രാഷ്ട്രത്തിൽ ഉൾക്കൊളിച്ചിരിക്കുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തുക.

> സൂചന: West Bank, Gaza strip, Geseeka എന്നീ പ്രദേശങ്ങൾ ഉൾക്കൊളുന്നതാണ് ഇന്നത്തെ സ്വതന്ത്ര പലസ്ഥിൻ രാഷ്ട്രം.

**പ്രവർത്തനം 11 (അനുബന്ധം – 3 കാണുക)**

തുടർന്നു പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കുള്ള കാരണം എന്തായിരിക്കാം എന്ന ചോദ്യം ചേദിച്ചുകൊണ്ടു കുട്ടികളെ TB. Page 46 to 49 Hand Book ലെ 59,-62 Page - Hand out കൾ groupകളിൽ വിതരണം ചെയ്ത് ചർച്ചയിലേക്ക് നയിക്കുന്നു.

ഏകധ്രുവലോകത്ത് അന്താരാഷ്ട്രരംഗത്തു നിലനിൽക്കുന്ന ഏറ്റവും ഗുരുതര മായ പ്രശ്നങ്ങളിൽ ഒന്നാണു പശ്ചിമേഷ്യയുടെത്. എന്താണു പശ്ചിമഷ്യയിലെ പ്രശ്ന ങ്ങൾ? ഇതിന്റെ കാരണം എന്താണ്? ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങ ളാണ് നിങ്ങൾക്ക് നൽകാനുള്ളത് എന്ന ചോദ്യം ഉന്നയിക്കുന്നു.

കുട്ടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കണ്ടെത്തിയ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നു മെച്ചപെടുത്തുന്നു Teacher ക്രോഡീകരിക്കുന്നു.

**അനുബന്ധം – 3**

ചർച്ച സൂചകം

| |
|---|
| 'എക ധ്രുവലോകത്ത് നിലനിൽക്കുന്ന ഏറ്റവും ഗുരുതരമായ പ്രശനങ്ങൾ ഒന്നാണു പശ്ചിമേഷ്യയുടെത്' <br> എന്താണ് പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ? ഇതിന്റെ കാരണം എന്താണ്? ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണു നിങ്ങൾക്ക് നൽകുവാനുള്ളത്? |

ചർച്ച സൂചകം

- നിലനില്ക്കാനുള്ള അവകാശം ഇസ്രേയലിനും പാലസ്തീൻകാർക്കും ഉണ്ട്.
- എകധ്രുവലോകത്തു U.S.A നടത്തുന്ന കടന്നാക്രമണങ്ങൾ
- ഇറാഖിലെ അമേരിക്കൻ അധിനിവേശം
- ഇസ്രേയലിന്റെ കടന്നാക്രമണങ്ങൾ
- U.N. ന്റെ ബലഹീനത
- അറബി ലോകത്ത് ജനകീയനായ നേതാക്കൻമാരുടെ അഭാവം

മറ്റുസമകാലിന സംഭവങ്ങളും ചേർത്ത് ചർച്ച നയിക്കാവുന്നതാണ്.

**അനുബന്ധം – 4**



## യൂണിറ്റ് - 5
## നവലോകം

### പ്രവർത്തനം 1

എണ്ണവില പകുതിയായി കുറഞ്ഞു

ലോകം സാമ്പത്തിക പ്രതിസന്ധിയിലേക്ക്

സെൻസെക്സ് ഇൻഡക്സ് കുത്തനെ ഇടിഞ്ഞു

ലീമാൻ തകർന്നു

ഇൻഡ്യക്ക് 40,000 കോടി നഷ്ടം

സാമ്പത്തിക മാന്ദ്യം യൂറോപ്പിലേക്കും ജപ്പാനിലേക്കും

സമീപകാലത്ത് പത്രങ്ങളിൽ വന്ന ചില തലക്കെട്ടുകളാണ് മുകളിൽ കാണിച്ചിരിക്കുന്നത്. ഈ സംഭവങ്ങൾക്ക് ആഗോളവൽക്കരണവുമായി എന്തെങ്കിലും ബന്ധമുണ്ടോ? (വ്യക്തിഗതമായി കുറിക്കാനവസരം - ചിലർ അവതരിപ്പിക്കുന്നു. തുടർന്ന് TB യുടേയും അനുബന്ധം 1 ൽ കൊടുത്തിരിക്കുന്ന Concept Map ന്റെയും സഹായത്തോടെ വിശകലനം നടത്തി തയ്യാറാക്കിയ ചർച്ചാകുറിപ്പ് അവതരിപ്പിക്കട്ടെ.

### പ്രവർത്തനം 2

സോവിയറ്റ് യൂണിയന്റെ പതനത്തെത്തുടർന്ന് ലോകത്തുണ്ടായ മാറ്റത്തെ അടിസ്ഥാനമാക്കി പത്രത്തിൽ വന്ന ഒരു കാർട്ടൂൺ ആണ് താഴെ നല്കിയിരിക്കുന്നത്. ഇതിന്റെ ആശയം പിടികിട്ടാത്ത മനുവിന് എന്ത് സഹായമാണ് നിങ്ങൾക്ക് നല്കാൻ കഴിയുക. (ഗ്രൂപ്പ് പ്രവർത്തനം, കാർട്ടൂൺ കോപ്പിയെടുത്ത് ഉപയോഗിക്കുക)

(കാർട്ടൂൺ അടുത്തപേജിൽ)

ക്രോഡീകരിക്കേണ്ടവ:
ഏകധ്രുവലോകം
അമേരിക്കൻ
മേധാവിത്വം



**മൂല്യനിർണ്ണയ പ്രവർത്തനം**

കാർട്ടൂൺ ചിത്രം നിരീക്ഷിച്ച് ആഗോളവൽക്കരണത്തിന്റെ മൂന്ന് വീതം ഗുണദൂഷ്യവശങ്ങൾ എഴുതുക. Score - 6

പ്രവർത്തനത്തിന് ആവശ്യമായ എണ്ണം കോപ്പികൾ ഉപയോഗപ്പെടുത്തുക. ഉത്തര സൂചിക ചർച്ചയിലൂടെ കണ്ടെത്താൻ അവസരം നല്കി ഉത്തരക്കടലാസ് കൈമാറി വിലയിരുത്തുന്നതിന് കുട്ടികളോട് നിർദ്ദേശിക്കുമല്ലോ.

**കാർട്ടൂൺ മൂല്യനിർണ്ണയപ്രവർത്തനം**



**തുടർപ്രവർത്തനം**

ആഗോളവൽക്കരണത്തിനെതിരെ രൂപംകൊണ്ടിട്ടുള്ള സംഘടനകളെയും അവയുടെ പ്രവർത്തനങ്ങളെയും അപഗ്രഥിച്ച് നിഗമനങ്ങളെഴുതുക. ചൂഷണരഹിതമായ മറ്റൊരു ലോകം സാധ്യമാണോ? എങ്ങനെ?




അനുബന്ധം - 1

(1) ആഗോളവൽക്കരണം - സവിശേഷതകളും ആക്കം കൂട്ടിയ ഘടകങ്ങളും

(2) ആഗോളവൽക്കരണം - ദൂഷ്യങ്ങൾക്കെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ

(3) ആഗോളവൽക്കരണം - സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

പ്രശ്നങ്ങൾ

1. പരിസ്ഥിതി — വിഭവചൂഷണം

2. കാർഷികരംഗം

3. പരമ്പരാഗത വ്യവസായം

4. കമ്പോളം — ഉപഭോഗസംസ്കാരം

**യൂണിറ്റുകൾ**

**8 മധ്യകാലകേരളം**
**9 ആധുനിക കേരളം**
**10 കേരളം ഇന്ന്**

**പ്രവർത്തനം 1**

മധ്യകാല കേരളത്തിലെ വിവിധ നാടുകളും സ്വരൂപങ്ങളും കാണിക്കുന്ന പാഠപുസ്തകത്തിലെ പേജ് 89 ലെ ഭൂപടം OHP ഷീറ്റിൽ വരച്ചിട്ടുള്ള കേരളത്തിലെ ജില്ലകൾ കാണിക്കുന്ന ഭൂപടം - സൂപ്പർ ഇംപോസിഷൻ നടത്തി പട്ടികപ്പെടുത്തൽ

| നാടുകൾ, സ്വരൂപങ്ങൾ | ജില്ലകൾ |
|---|---|
| | |

പട്ടികയുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്ത് തയ്യാറാക്കിയ നിഗമനങ്ങൾ അവതരണം.

**പ്രവർത്തനം 2**

മധ്യകാല കേരളത്തിലെ ഭൂഉടമസ്ഥത, ഭരണരീതി, ശിക്ഷാരീതി, സാമൂഹ്യാവസ്ഥ, സാമ്പത്തികാവസ്ഥ എന്നിവയെപ്പറ്റി തയ്യാറാക്കിയ Write up ഗ്രൂപ്പുകളിൽ നല്കി ഓരോ ഗ്രൂപ്പും ഓരോ കാര്യത്തിൽ അന്വേഷണകുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ (Write up അനുബന്ധത്തിൽ ചേർത്തിരിക്കുന്നു).

**പ്രവർത്തനം 3**

പോർച്ചുഗീസുകാരും, ഡച്ചുകാരും കേരളത്തിനു നല്കിയ സംഭാവനകളും അവർ സൃഷ്ടിച്ച പ്രശ്നങ്ങളും TB, SIET ഇറക്കിയ പോർച്ചുഗീസുകാർ കേരളത്തിൽ റിസോർസ് CD യുടേയും സഹായത്തോടെ പട്ടിക പൂർത്തിയാക്കുന്ന പ്രവർത്തനം.

| പോർച്ചുഗീസുകാർ | | ഡച്ചുകാർ | |
|---|---|---|---|
| മികവുകൾ | പ്രശ്നങ്ങൾ | മികവുകൾ | പ്രശ്നങ്ങൾ |
| •<br>•<br>•<br>• | •<br>•<br>•<br>• | •<br>•<br>•<br>• | •<br>•<br>•<br>• |

പട്ടികവിശകലനം ചെയ്ത് ഇന്നത്തെ കേരളത്തിലെ പോർച്ചുഗീസ്, ഡച്ച് സ്വാധീനം എത്ര മാത്രം എന്ന് വിലയിരുത്തുക. അവതരണം, ചർച്ച, മെച്ചപ്പെടുത്തൽ.

**പ്രവർത്തനം 4**

മാർത്താണ്ഡവർമ്മ, ധർമ്മരാജ, ശക്തൻതമ്പുരാൻ, ടിപ്പുസുൽത്താൻ, ബ്രിട്ടീഷ്ഭരണം, ഇവ താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം.
TB / Write up സഹായത്താൽ ഗ്രൂപ്പുകളിൽ പട്ടിക പൂർത്തീകരിക്കൽ.

| മാനദണ്ഡങ്ങൾ | മാർത്താണ്ഡവർമ്മ ധർമ്മരാജ | ശക്തൻതമ്പുരാൻ | ടിപ്പുസുൽത്താൻ | ബ്രിട്ടീഷുകാർ |
|---|---|---|---|---|
| രാജ്യഭരണം | | | | |
| കാർഷികരംഗം | | | | |
| വ്യവസായിക രംഗം | | | | |
| സാമ്പത്തിക നിലപാടുകൾ | | | | |
| ജന്മിമാരോടുള്ള സമീപനം | | | | |
| സാമൂഹ്യമാറ്റങ്ങൾ | | | | |

കേരളത്തിൽ ബ്രിട്ടീഷുകാർ പിന്തുടർന്ന നയങ്ങളാണ് അവർക്കെതിരെയുണ്ടായ ചെറുത്തുനില്പുകൾക്ക് നിദാനം. ഈ പ്രസ്താവനയോടുള്ള തങ്ങളുടെ പ്രതികരണം മുകളിൽ പൂർത്തികരിക്കപ്പെട്ട പട്ടികയെ അടിസ്ഥാനമാക്കി വ്യക്തിഗതമായി തയ്യാറാക്കാൻ നിർദ്ദേശിക്കുക. തുടർന്ന് ഗ്രൂപ്പിൽ മെച്ചപ്പെടുത്തി അവതരണം നടത്തുക.

**പ്രവർത്തനം 5**

കേരളസംസ്ഥാന രൂപീകരണത്തിന്, മുമ്പും പിൻപുമുള്ള ആരോഗ്യ, വിദ്യാഭ്യാസ രംഗത്തെ സവിശേഷതകൾ പട്ടികപ്പെടുത്തി നിഗമനങ്ങൾ എഴുതുക

**ആരോഗ്യരംഗം**

| മാനദണ്ഡം | സംസ്ഥാനരൂപീകരണത്തിന് മുമ്പ് | ശേഷം |
|---|---|---|
| ആയൂർദൈർഘ്യം | | |
| ജനനനിരക്ക് | | |
| ശിശുമരണനിരക്ക് | | |
| ആരോഗ്യകേന്ദ്രങ്ങൾ | | |

**വിദ്യാഭ്യാസം**

| മാനദണ്ഡം | സംസ്ഥാനരൂപീകരണത്തിന് മുമ്പ് | ശേഷം |
|---|---|---|
| സാക്ഷരത ശതമാനം | | |
| സൗജന്യ വിദ്യാഭ്യാസം | | |
| സാങ്കേതിക വിദ്യാഭ്യാസം | | |
| സ്ഥാപനങ്ങൾ - എണ്ണം | | |
| ഐ.റ്റി. വിദ്യാഭ്യാസം | | |
| ഉച്ചഭക്ഷണപരിപാടി | | |
| സ്കോളർഷിപ്പുകൾ | | |
| .................................. | | |
| ..................................... | | |

**പ്രവർത്തനം 6**

1957 ലെ ഭൂപരിഷ്ക്കരണ ബില്ല് കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക മേഖലകളെ എത്രത്തോളം സ്വാധീനിച്ചു. TBയുടെ സഹായത്തോടെ ഗ്രൂപ്പ് ചർച്ച - അവതരണം.

ക്രോഡീകരണം :

- കുടികിടപ്പുകാർക്ക് 10 സെന്റ് ഭൂമി സൗജന്യം
- ജന്മികുടിയാൻ ബന്ധം റദ്ദാക്കി
- കുടിയൊഴിപ്പിക്കൽ നിരോധിച്ചു
- കൈവശഭൂമിക്ക് പരിധി നിർണ്ണയിച്ചു
- മിച്ചഭൂമി ഭൂരഹിതർക്ക് സൗജന്യമായി വിതരണം ചെയ്തു.

| മാനദണ്ഡം | മധ്യകാലം | | ആധുനിക കാലം | | | ഇന്ന് |
|---|---|---|---|---|---|---|
| | നാടുവാഴികൾ | വൈദേശിക ഭരണം | തിരുവിതാംകൂർ | കൊച്ചി | മലബാർ | ഐക്യകേരളം |
| ഭരണരീതി | | | | | | |
| സാമൂഹ്യാവസ്ഥ | | | | | | |
| സാമ്പത്തികരംഗം | | | | | | |
| ജന്മിമാരോടുള്ള സമീപനം | | | | | | |
| വിദ്യാഭ്യാസരംഗം | | | | | | |

**തുടർ പ്രവർത്തനം**

മധ്യകാലകേരളം, ആധുനിക കേരളം, ഇന്നത്തെ കേരളം - ഈ കാലഘട്ടങ്ങളിലുള്ള കേരള സമൂഹത്തിന്റെ വളർച്ച താരതമ്യം ചെയ്ത് വിലയിരുത്തുക.

## യൂണിറ്റ് – 11
## വ്യക്തിയും സമൂഹവും

**പ്രവർത്തനം 1**

നിങ്ങൾക്ക് പാരമ്പര്യമായി ലഭിച്ച പ്രത്യേകതകളും ചുറ്റുപാടിന്റെ സ്വാധീനത്താൽ ലഭിച്ച പ്രത്യേകതകളും ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കൂ.

| പാരമ്പര്യം | ചുറ്റുപാട് (പരിസ്ഥിതി) |
|---|---|
| ചുരുണ്ടമുടി | വസ്ത്രധാരണരീതി |
| ♦ | ♦ |
| ♦ | ♦ |
| ♦ | ♦ |
| ♦ | ♦ |

പാഠപുസ്തകത്തിലെ Page No. 131ലെ കഥകൾ വായിച്ച് പരിസ്ഥിതി ഘടകങ്ങൾ ഒരാളുടെ വ്യക്തിത്വത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുമെന്ന് കണ്ടെത്തി എഴുതട്ടെ. അവതരണം, മെച്ചപ്പെടുത്തൽ.

**പ്രവർത്തനം 2**

സാമൂഹീകരണ ഏജൻസികൾ, സാമൂഹീകരണ നിയന്ത്രണ ഏജൻസികൾ- പദസൂര്യൻ പൂർത്തിയാക്കാനുള്ള പ്രവർത്തനം. (TB ഉപയോഗപ്പെടുത്താം).









പൂർത്തിയാക്കിയ പദസൂര്യനെ വിശകലനം ചെയ്ത് നിഗമനങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാൻ നിർദ്ദേശിക്കാമല്ലോ.

**മൂല്യനിർണ്ണയ പ്രവർത്തനം**

നിങ്ങളുടെ സ്കൂളിൽ പഠിച്ചിരുന്ന ഒരു കുട്ടി മോഷണം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു എന്ന് കരുതുക. അവന്റെ വ്യകതിത്വ രൂപീകരണത്തിൽ ഏതെല്ലാം സാമൂഹീകരണ ഏജൻസികളാണ് പരാജയപ്പെട്ടത്? അവനെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ എന്തെല്ലാം പ്രവർത്തനങ്ങളാകും നിങ്ങൾ നടത്തുക?

*(മൂല്യനിർണ്ണയസൂചകങ്ങൾ വികസിപ്പിച്ച് കുട്ടികൾ തന്നെ ഉത്തരങ്ങൾ വിലയിരുത്തട്ടെ).*

Score - 4

## യൂണിറ്റ് – 13

## മനുഷ്യാവകാശങ്ങൾ

**രൂപപ്പെടേണ്ട ആശയങ്ങൾ:**

- സമൂഹത്തിൽ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് നിരവധി മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ട്.
- മനുഷ്യാവകാശ സംരക്ഷണത്തിനായി നിരവധി നിയമങ്ങൾ നിലവിലുണ്ട്.
- മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടത് എന്റെ കൂടെ ചുമതലയാണ്.
- മനുഷ്യാവകാശങ്ങളും അതിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട യു.എൻ.ചാർട്ടർ, മനുഷ്യാവകാശപ്രഖ്യാപനം, മറ്റു അന്താരാഷ്ട്ര ശ്രമങ്ങൾ
- മനുഷ്യാവകാശ സംരക്ഷണ നിയമങ്ങളുണ്ടായിട്ടും മനുഷ്യാവകാശ ലംഘന ങ്ങൾ നടക്കുന്നു.

**പ്രവർത്തനം 1**

ബെഞ്ചടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളിൽ ദിനപത്രങ്ങളുടെ പേജുകൾ വിതരണം ചെയ്യുന്നു. മനുഷ്യാവകാശ ലംഘനങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ കണ്ടെത്തി അവ തരിപ്പിക്കാൻ അവസരമൊരുക്കുന്നു.

ക്ലാസിലെ കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പുകളിൽ എഴുതി തയ്യാറാക്കിയ Case കൾ 1 വീതം നല്കി അതിനടിയിൽ രേഖപ്പെടുത്തിയ സൂചനകളുടെ അടിസ്ഥാനത്തിൽ പ്രതികരണം തയ്യാറാക്കി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു. ( Case Sheet അനുബന്ധം 1)

സൂചനകൾ: (ഓരോ Case sheetലും ചേർക്കേണ്ടത്)

1) ഈ കേസ്ഷീറ്റിൽ കൊടുത്തിരിക്കുന്ന കാര്യവുമായി ബന്ധപ്പെട്ട മനുഷ്യാവ കാശ ലംഘനം ഏതാണ്?
2) ഈ മനുഷ്യാവകാശലംഘനത്തിലേക്ക് നയിച്ച കാരണമെന്തായിരിക്കും?
3) ഇത് പരിഹരിക്കാനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ എന്താണ്?
4) മനുഷ്യാവകാശ ലംഘനത്തിനുള്ള മറ്റൊരുദാഹരണം എഴുതാമോ?

**പ്രവർത്തനം 2 (മൂല്യനിർണ്ണയ പ്രവർത്തനം)**

TBയിലെ പേജ് നമ്പർ 148 ലെ ചിത്രം നിരീക്ഷിക്കാൻ കുട്ടികളോട് ആവശ്യപ്പെടു ന്നു. തുടർന്ന് TB അടച്ചുവെക്കാൻ നിർദ്ദേശിക്കുക. ചാർട്ടിൽ തയ്യാറാക്കപ്പെട്ട ചോദ്യ ങ്ങൾക്ക് വ്യക്തിഗതമായി ഉത്തരമെഴുതാൻ പറയുന്നു.

**ചാർട്ടിൽ ഉൾപ്പെടുത്തേണ്ട ചോദ്യങ്ങൾ**

1) നിങ്ങൾ നിരീക്ഷിച്ച ചിത്രവുമായി ബന്ധപ്പെടുത്താൻ പറ്റുന്ന ഏതെങ്കിലും രണ്ട് മനുഷ്യാവകാശലംഘനങ്ങൾ എഴുതുക. 2 X 1/2 = 1
2) ഇതിലേക്ക് നയിച്ച സാഹചര്യം എന്തായിരിക്കാം?
3) ഈ പ്രശ്നം പരിഹരിക്കാനുള്ള നിങ്ങളുടെ നിർദ്ദേശം എന്താണ്?
   (രണ്ട് നിർദ്ദേശങ്ങൾക്ക് 2 മാർക്ക്)

ഉത്തരമെഴുതാൻ 8 മിനിറ്റ് സമയം - എഴുതിയ ഉത്തരക്കടലാസുകൾ അധ്യാപിക ശേഖരിക്കുന്നു. തുടർന്ന് ചർച്ചയിലൂടെ ഉത്തരസൂചികയും സ്കോറും നിശ്ചയിക്കുന്നു. ശേഖരിച്ച ഉത്തരക്കടലാസുകൾ മാറ്റി നല്കി വിലയിരുത്തുന്നു. (ഇവിടെ സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും സാഹചര്യമൊരുക്കുന്നു.)

**പ്രവർത്തനം 3**

മനുഷ്യാവകാശ സംരക്ഷണത്തിനുള്ള അന്താരാഷ്ട്ര ശ്രമങ്ങൾ കാലഗണനാചാർട്ട് (Time line) പാഠപുസ്തകസഹായത്താൽ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു.

BBയിൽ ക്രോഡീകരണം

| | |
|---|---|
| 1215 | മാഗ്നാകാർട്ട |
| 1689 | ഇംഗ്ളണ്ടിലെ അവകാശ ഉടമ്പടി |
| 1776 | അമേരിക്കൽ സ്വാതന്ത്ര്യ പ്രഖ്യാപനം |
| 1787 | അമേരിക്കൻ ഭരണഘടന |
| 1789 | ഫ്രാൻസിലെ മനുഷ്യാവകാശ പ്രഖ്യാപനം |
| 1948 | യു.എൻ.ഒ മനുഷ്യാവകാശ പ്രഖ്യാപനം |
| 1989 | കുട്ടികളുടെ അവകാശക്കരാർ |
| 1993 | മനുഷ്യാവകാശസംരക്ഷണ നിയമം |

**പ്രവർത്തനം 4**

ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന മനുഷ്യാവകാശങ്ങൾ നമ്മെ സംബന്ധിച്ച് എത്രമാത്രം യാഥാർത്ഥ്യമാണ് എന്ന് പരിശോധിക്കാമോ?

പാഠപുസ്തകത്തിലെ പേജ് 145, 146 (മനുഷ്യാവകാശ സംരക്ഷണം ഇന്ത്യയിൽ) സഹായത്തോടെ ഗ്രൂപ്പ് ചർച്ച നടത്തി ഉത്തരം കണ്ടെത്തി അവതരണം. അധ്യാപികയുടെ ക്രോഡീകരണം.

**തുടർപ്രവർത്തനം**

മനുഷ്യാവകാശ സംരക്ഷണത്തിന് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും നിരവധി നടപടികൾ ഉണ്ടായിട്ടും മനുഷ്യാവകാശ ലംഘനങ്ങൾ വർദ്ധിച്ചുവരുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? പരിഹാരമെന്താണ്?

**ആവശ്യമായിവരുന്ന സാമഗ്രികൾ**

1) ദിനപ്പത്രങ്ങൾ (10 എണ്ണം)
2) മനുഷ്യാവകാശ പ്രശ്നങ്ങൾ കാണിക്കുന്ന കേസ് ഷീറ്റുകൾ സൂചനകൾ ഉൾപ്പെടുത്തിയത് (5 എണ്ണം)
3) മൂല്യനിർണ്ണയ പ്രവർത്തനത്തിനായി തയ്യാറാക്കിയ ചോദ്യങ്ങൾ ഉൾപ്പെടുത്തിയ ചാർട്ട് (1)
4) പാഠപുസ്തകം (SS-I)

**അനുബന്ധം - 1 കേസ് ഷീറ്റ് (മനുഷ്യാവകാശലംഘനങ്ങൾ)**

1. തമിഴ് നാട്ടിൽ നിന്ന് വീട്ടുവേലയ്ക്കായി കൊണ്ടുവന്ന 10 വയസ്സുള്ള ബാലനാണ് മുത്തു. മോഷണക്കുറ്റം ചുമത്തി വീട്ടുടമസ്ഥ കഠിനമായി മർദ്ദിക്കുകയും പൊള്ളലേല്പിക്കുകയും ചെയ്തതിന്റെ ഫലമായി അവശയായ കുട്ടിയെ നാട്ടുകാർ ഇടപ്പെട്ട് ആശുപത്രിയിൽ എത്തിച്ചു - പത്രവാർത്ത

2. അസമയത്ത് നഗരത്തിലെത്തിയ ഒരു യുവാവിനെ ചോദ്യം ചെയ്യാനായി പോലീസുകാർ പിടിച്ചുകൊണ്ടുപോയി. ലോക്കപ്പു മർദ്ദനത്തിന്റെ ഫലമായി അവശനായ യുവാവിനെ ആശുപത്രിയിലാക്കി. - പത്രവാർത്ത

3. ആദിവാസികോളനിയിൽ മരണം - കാലവർഷമാരംഭിച്ചതോടെ പകർച്ച വ്യാധികളും ദുരിതവും വർദ്ധിച്ചു. വൈദ്യസഹായം ലഭിക്കാതെ കാത്ത (40) എന്ന ആദിവാസി മരണപ്പെട്ടു - പത്രവാർത്ത

4. കെട്ടിടനിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളാണ് രാജുവും ഗീതയും. ഇവർ ജോലി ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ഒരേ സമയത്താണ്. എന്നാൽ രാജുവിന് 200 രൂപ കൂലിലഭിച്ചപ്പോൾ ഗീതയ്ക്ക് 150 രൂപയാണ് കിട്ടിയത്.

5. 59 മണിക്കൂർ ഇന്ത്യയെ വിറപ്പിച്ചുകൊണ്ട് മുംബൈയിൽ ഭീകരാക്രമണം - പ്രശസ്തമായ താജ്, ഒബ്റോയ് ഹോട്ടലുകളിൽ വിദേശവിനോദ സഞ്ചാരികളടക്കം ബന്ധികളാക്കപ്പെട്ടും മരണം 200 കവിഞ്ഞു - പത്രവാർത്ത.



## യൂണിറ്റ് – 1
## മനുഷ്യനും ലോകവും

**പ്രവർത്തനം 1**

കോഫിഅന്നൻ, ജാക്കിചാൻ, ജോർജ്ജ്ബുഷ് എന്നിവരുടെ ചിത്രങ്ങൾ കുട്ടികൾക്ക് കൈമാറിക്കാണാൻ അവസരം ഒരുക്കുന്നു. (അനുയോജ്യമായ മറ്റു ചിത്രങ്ങൾ ഉപയോഗപ്പെടുത്താം). ഇവർ ആരൊക്കെയാണെന്നും ഏതേത് മനുഷ്യവർഗ്ഗങ്ങളിൽപ്പെടുന്നു എന്നതിനും പ്രതികരണം ആവശ്യപ്പെടുന്നു. കുട്ടികളുടെ പ്രതികരണം നിഗ്രോയ്ഡ്, മംഗളോയ്ഡ്, കോക്കസോയ്ഡ് BBയിൽ രേഖപ്പെടുത്തുന്നു. തുടർന്ന് മനുഷ്യവർഗ്ഗങ്ങളുടെ ഓരോ സവിശേഷതകൾ അടങ്ങിയ സ്ലിപ്പുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. BBയിൽ രേഖപ്പെടുത്തിയ മനുഷ്യവർഗ്ഗങ്ങളുടെ പേരുകൾക്ക് താഴെ രേഖപ്പെടുത്താൻ കുട്ടികൾക്ക് അവസരം നല്കുന്നു.

(സ്ലിപ്പിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ അനുബന്ധം 1 ൽ നല്കിയിട്ടുണ്ട്.)

**പ്രവർത്തനം 2**

TBയിലെ വിവിധ മനുഷ്യവർഗ്ഗങ്ങളുടെ പ്രാചീനകാലത്തെ വിതരണം കാണിക്കുന്ന ഭൂപടം നിരീക്ഷിച്ച് അവർ വസിച്ചിരുന്ന മേഖലകൾ/ഭൂഖണ്ഡങ്ങൾ വ്യക്തിഗതമായി കണ്ടെത്തിയെഴുതാനും തുടർന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി അവതരിപ്പിക്കാനും അവസരം നല്കുന്നു.

പ്രാചീനകാലത്ത് ഇന്നത്തെ കേരളമുൾപ്പെടുന്ന പ്രദേശത്ത് വസിച്ചിരുന്ന മനുഷ്യവർഗ്ഗമേതാണെന്നും ഇപ്പോഴും അതേ മനുഷ്യവർഗ്ഗത്തിൽപ്പെട്ടവർ തന്നെയാണോ വസിക്കുന്നതെന്നും വ്യത്യാസമുണ്ടാവാൻ കാരണമെന്താണെന്നും ചോദ്യമുയർത്തുന്നു. (അന്യമാകുന്ന വർഗ്ഗശുദ്ധി ധാരണ നേടൽ)

ഉത്തരമവതരിപ്പിക്കാൻ ഗ്രൂപ്പുകൾക്ക് അവസരമൊരുക്കുന്നു. കുടിയേറ്റം, വിവിധ മനുഷ്യവർഗ്ഗങ്ങൾ തമ്മിലുള്ള വിവാഹ ബന്ധങ്ങൾ തുടങ്ങിയ ഉത്തരങ്ങൾ ലഭിക്കുന്നു.

**പ്രവർത്തനം 3**

ക്ലാസിലെ കുട്ടികളെ 6 ഗ്രൂപ്പാകുന്നു. കുടിയേറ്റവുമായി ബന്ധപ്പെട്ട 6 കേസുകൾ കാർഡിൽ തയ്യാറാക്കിയത് (കേസുകൾ അനുബന്ധം 2ൽ) ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു. കാർഡിൽ കേസിനു താഴെ രേഖപ്പെടുത്തിയ സൂചകങ്ങളെ അടിസ്ഥാനമാക്കി ചർച്ച ചെയ്ത് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

സൂചകങ്ങൾ

- കുടിയേറ്റത്തിന് കാരണമായ ഘടകം
- കുടിയേറ്റത്തിന്റെ സ്വഭാവം - ആഭ്യന്തരം, അന്താരാഷ്ട്രം, ആകർഷകം, നിർബന്ധിതം
- കുടിയേറ്റത്തിന്റെ ഫലം.

ടീച്ചറുടെ ക്രോഡീകരണത്തിനുശേഷം ചുവടെ നല്കിയിട്ടുള്ള Worksheet വ്യക്തിഗതമായി പൂർത്തീകരിച്ച് കൈമാറി വിലയിരുത്തുന്നു. (സ്കോർ 6. ഉത്തരമെഴുതാൻ 10 മിനിറ്റ് സമയം)

## Worksheet

| കുടിയേറ്റങ്ങൾ | കാരണം | ആകർഷിത കുടിയേറ്റം | നിർബന്ധി കുടിയേറ്റം | ആഭ്യന്തര കുടിയേറ്റം | അന്താരാഷ്ട്ര കുടിയേറ്റം |
|---|---|---|---|---|---|
| ശ്രീലങ്കയിൽ നിന്നും ഇന്ത്യയിലേക്കുള്ള കുടിയേറ്റം | | | | | |
| ഗൾഫ്നാടുകളിലേയ്ക്ക് മലയാളികളുടെ കുടിയേറ്റം | | | | | |
| ഇന്ത്യയിലേക്കുള്ള യൂറോപ്യന്മാരുടെ അധിനിവേശം | | | | | |
| മധ്യതിരുവിതാകൂറിൽ നിന്ന് മലബാർ പ്രദേശങ്ങളിലേക്കുണ്ടായ കുടിയേറ്റം | | | | | |

*** കുടിയേറ്റത്തിന്റെ സ്വഭാവം – അനുയോജ്യമായ കോളത്തിൽ ശരി മാർക്ക് ഇടുക.**

**പ്രവർത്തനം 4**

(വാസസ്ഥലങ്ങളുടെ സ്ഥാനനിർണ്ണയഘടകങ്ങൾ ധാരണ നേടുന്നതിന്)



മുകളിൽ രൂപരേഖയിൽ കാണിച്ചിട്ടുള്ള സ്ഥലത്തേക്ക് നിങ്ങളുടെ കുടുംബം മാറി താമസിക്കാൻ തീരുമാനിച്ചു എന്ന് സങ്കല്പിക്കുക. എങ്കിൽ ഏത് പ്രദേശമായിരിക്കും താമസത്തിനായി തെരഞ്ഞെടുക്കുക? ആ സ്ഥലം തെരഞ്ഞെടുക്കാൻ നിങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരിക്കും. ചാർട്ടിൽ തയ്യാറാക്കിയ രൂപരേഖയിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിച്ച് വ്യക്തിഗതമായി ഉത്തരം കണ്ടെത്താനും തുടർന്ന് ഗ്രൂപ്പിൽ മെച്ചപ്പെടുത്തി അവതരിപ്പിക്കാനും അവസരം നൽകുമല്ലോ?

*ക്രോഡീകരണത്തിൽ:*

- മണ്ണിന്റെ ഫലഭൂഷ്ടി
- ഗതാഗതവാർത്താവിനിമയ സൗകര്യങ്ങൾ
- സുരക്ഷിതത്വം
- കാലാവസ്ഥ
- ജലലഭ്യത തുടങ്ങിയവ

**തുടർപ്രവർത്തനം**

കുടിയേറ്റം വർഗ്ഗശുദ്ധി നഷ്ടപ്പെട്ട മനുഷ്യന്റെ സൃഷ്ടിക്ക് കാരണമാകുന്നു. സോഷ്യൽസയൻസ് വിദ്യാർത്ഥി എന്ന നിലയിൽ ഈ ഒരു കാര്യത്തെ നിങ്ങൾ എങ്ങനെയാണ് നിരീക്ഷിക്കുന്നത്?

**അനുബന്ധം – 1**

കറുപ്പ് അല്ലെങ്കിൽ ചോക്ളേറ്റ് നിറം
മഞ്ഞകലർന്ന തവിട്ടുനിറം അല്ലെങ്കിൽ കുങ്കുമനിറം
ഇളംചുവപ്പ്, വെളുപ്പ് അല്ലെങ്കിൽ ഒലീവ് എണ്ണയുടെ നിറം
കറുത്ത് ചുരുണ്ട തലമുടി
കോലൻ തലമുടി
ഇളംതവിട്ട് നിറമോ, സ്വർണ്ണനിറമോ ഉള്ള തലമുടി
വിടർന്ന് പരന്ന മൂക്ക്
പതിഞ്ഞമൂക്ക്
ഉയർന്ന് നീണ്ട മൂക്ക്
തവിട്ട് നിറത്തിലുള്ള കൃഷ്ണമണി
കൺപോളകളുടെ മടക്ക്
ഇളം നീലയോ ഇരുണ്ടനിറമോ ഉള്ള കൃഷ്ണമണി
തടിച്ച ചുണ്ടുകൾ
അല്പം പുറത്തേക്കുന്തിയ പല്ലുകൾ

ഉയരം താരതമ്യേന കുറവ്

ദേഹരോമങ്ങൾ കുറവ്

ദൃഢമായ പേശികൾ

ഉയരം കൂടുതൽ

നേർത്ത ചുണ്ടുകൾ

**അനുബന്ധം -2 (കേസുകൾ)**

(ഓരോ കേസുകൾ ഓരോ കാർഡുകളിൽ)

1. വടക്കേ അമേരിക്കയിലെ തോട്ടങ്ങളിൽ അടിമപ്പണി ചെയ്യിപ്പിക്കാനായി ആഫ്രിക്കയിൽ നിന്നും ലക്ഷക്കണക്കിന് നീഗ്രോകളെ ബലമായി പിടിച്ചുകൊണ്ടു പോയി.

2. കേരളത്തിലെ തൊഴിലില്ലാത്ത നിരവധി ആളുകൾ ജീവിതം കരുപ്പിടിപ്പിക്കാനായി കുടുംബാംഗങ്ങളിൽ നിന്നും അകന്ന് ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നു.

3. ആഭ്യന്തരയുദ്ധം മൂലം സർവ്വസ്വവും നഷ്ടപ്പെട്ട് യാതന അനുഭവിക്കുന്ന തമിഴ് വംശജരിൽ ചിലർ തമിഴ്നാട്ടിൽ അഭയം പ്രാപിച്ചു.

4. മതപീഡനങ്ങളിൽ നിന്ന് രക്ഷനേടാനായി പ്രൊട്ടസ്റ്റന്റ് മതവിഭാഗക്കാർ ഇംഗ്ളണ്ടിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറി.

5. ബംഗാൾ ഉൾക്കടൽ തീരത്തുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ സുനാമി സൃഷ്ടിച്ച ദുരന്തംമൂലം തീരവാസികൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറിത്താമസിച്ചു.

6. കേരളത്തിലെ ഡോക്ടർമാർ, എഞ്ചിനീയമാർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർ പശ്ചിമയൂറോപ്യൻ നാടുകളിലേക്കും അമേരിക്കയിലേക്കും മാറിപ്പോകുന്നു.

## യൂണിറ്റ് 2

## സമുദ്രങ്ങളും സമുദ്രജല ചലനങ്ങളും




മുകളിൽ നൽകിയിട്ടുള്ള ചിത്രത്തെ അടിസ്ഥാനമാക്കി പ്രതികരിക്കാൻ ആവശ്യപ്പെടുന്നു.

? നിങ്ങളാണ് ചിത്രത്തിലെങ്കിൽ കൂടുതൽ എന്തൊക്കെ കൂട്ടിചേർക്കും?

? ചിത്രത്തിൽ നൽകിയിട്ടുള്ള ഓരോ സൂചനകൾക്കും വിശദീകരണം നൽകാമോ?

*അംഗങ്ങളെ ചെറിയ ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പിൽ ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. മറ്റുള്ളവരുടെ ഇടപെടൽ. കൂട്ടിചേർക്കലുകൾ നടത്തുന്നു.*

**പ്രവർത്തനം 2**

ചിത്രം ചാർട്ടിൽ വരച്ച്/BB വരച്ച് കാണിക്കുന്നു. (ചിത്രം അടുത്ത പേജിൽ) ചുവടെ സൂചിപ്പിച്ചിട്ടുള്ള ചോദ്യങ്ങൾ ചോദിക്കേണ്ടതാണ്.

- ചന്ദ്രന്റെ സ്ഥാനത്തെ അടിസ്ഥാനമാക്കി ഈ ദിവസത്തെ അറിയപ്പെടുന്ന പേരെന്ത് ?
- വേലികൾ ചിത്രീകരിച്ചിരിക്കുന്നതിൽ അപകതയുണ്ടോ?

ചില പ്രതികരണങ്ങൾ ക്ഷണിച്ചതിനുശേഷം അപാകതയുണ്ട് എന്ന് കുട്ടികൾ സ്വയം ബോധ്യപ്പെടണം.

♦ ശരിയായ വിധത്തിൽ വേലികൾ ചിത്രീകരിക്കാമോ?

വ്യക്തിഗതമായി ചിത്രീകരിക്കുന്നു. പരസ്പരം വിലയിരുത്തി ശരിയും തെറ്റും ബോധ്യപ്പെടുന്നു.




♦ സൂര്യനേയോ ചന്ദ്രനേയോ ക്രമീകരിച്ച് ചിത്രീകരിച്ചിട്ടുള്ള വേലി ശരിയെന്ന് സമർത്ഥിക്കാമോ?

♦ നിങ്ങൾ നടത്തിയ 2 ചിത്രീകരണത്തിലേയും വേലികൾക്ക് പേരു നൽക്കുക.

♦ ഓരോ വേലിയുടേയും സ്വഭാവമെന്ത്?

കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങളോടു പ്രതികരിക്കുന്നു. പ്രതികരണങ്ങൾ പരസ്പരം വിലയിരുത്തുന്നു. തെറ്റു ബോധ്യപ്പെടാനുള്ള അവസരമൊരുക്കുന്നു.

**പ്രവർത്തനം 3**



ചിത്രത്തിൽ കൊടുത്തിട്ടുള്ളതുപോലെ വൻകരകൾ ചാർട്ടിൽ വരച്ചോ/ഫോട്ടോസ്റ്റാറ്റ് കോപ്പി നൽകിക്കൊണ്ടോ വൻകരകൾ ഏതൊക്കെയാണന്നു തിരിച്ചറിയാൻ ആവശ്യപ്പെടുന്നു. കണ്ടെത്തലുകൾ ചിലർ അവതരിപ്പിക്കുന്നു.

♦ ഇവ കൂടാതെ, മറ്റുവൻകരകൾ ഏതൊക്കെ?

♦ ഭൂപടത്തിൽ അവ തിരിച്ചറിയുവാൻ നിങ്ങൾക്കു കഴിയുമോ?

♦ ഇത്തരത്തിലുള്ള ഒരു വൻകര കാണുമ്പോൾ രണ്ടാമത്തെ യൂണിറ്റിനെ അടിസ്ഥാനമാക്കി (സമുദ്രങ്ങൾ...) എന്തൊക്കെ ചോദ്യങ്ങളാണ് മനസ്സിൽ ഉയർന്നുവരിക?

കുട്ടുകളുടെ വ്യക്തിഗതമായ അഭിപ്രായങ്ങൾ കേട്ടശേഷം ചുവടെ കാണുംവിധം ക്രോഡീകരിക്കേണ്ടതാണ്.

- വൻകരയുടെ പേര്
- വൻകരകളുടെ കിഴക്കും, പടിഞ്ഞാറും സ്ഥിതിചെയ്യുന്ന സമുദ്രങ്ങൾ
- സ്ഥിതിചെയ്യുന്ന അർദ്ധഗോളം
- തീരങ്ങളെ സമീപിച്ചൊഴുകുന്ന ജലപ്രവാഹങ്ങൾ
- ജലപ്രവാഹങ്ങളുടെ ഒഴുകുന്ന തീരം
- ജലപ്രവാഹങ്ങളുടെ സ്വഭാവം (ഉഷ്ണം/ശീതം)
- ജലപ്രവാഹത്തിന്റെ ദിശ
- ജലപ്രവാഹത്തെ സ്വാധീനിക്കുന്ന ഘടകം

തുടർന്ന് അധ്യാപിക വിവിധ വൻകരകൾ വരച്ചെടുത്തു തയ്യാറാക്കിയ കാർഡുകൾ ഓരോ ഗ്രൂപ്പിനും നൽകുന്നു. മുകളിൽ ക്രോഡീകരിച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ തനിക്കു ലഭിച്ച വൻകരയെ അടിസ്ഥാനമാക്കി കുറിപ്പു തയ്യാറാക്കുന്നു. ഒരേ വൻകരകൾ ലഭിച്ചവരെ ഒരുമിച്ചു ചേർത്ത് ഗ്രൂപ്പ് രൂപപ്പെടുത്തുന്നു. ഗ്രൂപ്പിൽ കുറിപ്പുകൾ പരസ്പരം കൈമാറി വിലയിരുത്തുന്നു. ആശയപരമായ ധാരണക്കുറവ് ഗ്രൂപ്പുചർച്ചയിലൂടെ പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം. തുടർന്ന് ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വീതമെന്ന കണക്കിന് പുതിയ ഗ്രൂപ്പുകൾ രൂപപ്പെടുന്നു. അവിടെ കുറിപ്പുകൾ പരസ്പരം പങ്കുവെയ്ക്കുന്നു – ധാരണ രൂപപ്പെടുന്നു.

## യൂണിറ്റ് 4

## ഭൂമിശാസ്ത്രത്തിലെ നൂതന സലങ്കതങ്ങൾ

**പ്രവർത്തനം 1**

തുടർച്ചയായി എടുത്ത ആകാശീയ ഛായാചിത്രങ്ങളിൽ നിന്നും ബാലുവും സാജുവും രണ്ടുവീതം തെരഞ്ഞെടുത്തു. ചുവടെ കൊടുത്തിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ.

| ബാലു തെരഞ്ഞെടുത്തത് | | സാജു തെരഞ്ഞെടുത്തത് | |
|---|---|---|---|
| ചിത്രം 63 | ചിത്രം 36 | ചിത്രം 72 | ചിത്രം 73 |

ഇരുവരും ചുവടെ കാണിച്ചിട്ടുള്ള ഉപകരണം ഉപയോഗിച്ച് ചിത്രങ്ങളെ വീക്ഷിച്ചു.



**ചോദ്യങ്ങൾ**

- രണ്ടുപേരും തെരഞ്ഞെടുത്തത് അനുയോജ്യമായ ആകാശീയ ഛായാചിത്രങ്ങളായിരുന്നോ?
- എന്തുകൊണ്ടാണ് രണ്ടുവീതം ഛായചിത്രങ്ങളെ തെരഞ്ഞെടുത്തത്?
- അത്തരം ഛായാചിത്രങ്ങളെ അറിയപ്പെടുന്ന പേരെന്താണ്?
- അവയുടെ സവിശേഷത എന്താണ്?
- നിരീക്ഷണത്തിനായി ഉപയോഗിച്ച ഉപകരണം ഏതായിരുന്നു?
- ഈ ഉപകരണത്തിന്റെ പ്രയോജനം എന്താണ്?

ചോദ്യങ്ങളോട് കുട്ടികൾ വ്യക്തിഗതമായി കടലാസിൽ പ്രതികരിക്കുന്നു. ഉത്തരക്കടലാസ് അധ്യാപിക ശേഖരിക്കുന്നു. കുട്ടികളെ 5 ഗ്രൂപ്പുകളാകുന്നു. ഗ്രൂപ്പിൽ ചർച്ചചെയ്ത് വ്യക്തമായ ധാരണ രൂപപ്പെടുത്തുന്നു. ആവശ്യമെങ്കിൽ പാഠപുസ്തകം പരിശോധിക്കാം. അധ്യാപികയുടെ ഇടപെടൽ ഓരോ ഗ്രൂപ്പിലും ഉണ്ടാകുന്നുവെന്ന് ഉറപ്പാക്കണം. വ്യക്തമായ ധാരണ രൂപപ്പെടുത്തികഴിഞ്ഞുവെന്ന് ബോധ്യപ്പെട്ടശേഷം (10 മിനിട്ടിനുശേഷം) ഉത്തരകടലാസുകൾ കൈമാറി നൽകുന്നു. പരിശോധിക്കുന്നു. മടക്കി നൽകുന്നു. സ്കോർ നഷ്ടപ്പെടാൻ ഇടയായത് എന്തകൊണ്ടാണെന്ന് ചിലരെക്കൊണ്ട് പറയിപ്പിക്കുന്നു.

**പ്രവർത്തനം 2**

ചുവടെ നൽകിയിട്ടുള്ള ചിത്രം ചാർട്ടിൽ വരച്ച് പ്രദർശിപ്പിക്കുന്നു.




ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1) ഭൗമോപരിതലത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉപഗ്രഹസെൻസർ സ്വീകരിച്ചത് ഏതുവിധേനയാണ്?
2) വനവും ജലാശയവും ഒരേയളവിലാണോ സൗരവികിരണത്തെ പ്രതിഫലിപ്പിക്കുന്നത് ? എന്തുകൊണ്ട്?
3) താഴെ നൽകിയിട്ടുള്ള പദങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു.
   - വൈദ്യുത കാന്തിക വികിരണം
   - സ്പെക്ട്രൽ സിഗ്നേച്ചർ

വ്യക്തിഗതമായി ചോദ്യങ്ങളോട് കടലാസിൽ പ്രതികരിക്കുന്നു. ഗ്രൂപ്പിൽ ആശയവ്യക്തത വരുത്തുന്നു. ആശയവ്യക്തത വരുത്തിയശേഷം ഉത്തരകടലാസുകൾ കൈമാറി വിലയിരുത്തുന്നു. തെറ്റുകൾ തിരിച്ചറിഞ്ഞ് ബോധ്യപ്പെടുന്നു.

**പ്രവർത്തനം 3**

ചുവടെ നൽകിയിട്ടുള്ള ചിത്രങ്ങൾ ചാർട്ട് പേപ്പറിൽ വരച്ച് പ്രദർശിപ്പിക്കുന്നു.




ഉപഗ്രഹസെൻസറുകൾക്ക് തിരിച്ചറിയാൻ കഴിയുന്ന ഭൂമിയിലെ വസ്തുക്കളുടെ വലിപ്പമാണ് ചിത്രങ്ങൾ A, B, C യിൽ സൂചിപ്പിച്ചിട്ടുള്ളത്.

- വസ്തുക്കളെ തിരിച്ചറിയാനുള്ള സെൻസറുകളുടെ കഴിവിനെ എന്തുപേരിലാണ് അറിയപ്പെടുന്നത്?
- ചിത്രങ്ങളെ അടിസ്ഥാനമാക്കി നോക്കിയാൽ ഏതുസെൻസറിനാണ് കൂടുതൽ ദൃശ്യശേഷിയുള്ളത്?
- അതിന്റെ അളവ് എത്രയാണ്?

ഒന്നും രണ്ടും പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച പ്രക്രിയയിലൂടെ ധാരണ ബലപ്പെടുത്താവുന്നതാണ്.

**പ്രവർത്തനം 4**

ചുവടെ കൊടുത്തിട്ടുള്ള വസ്തുതകൾ കാർഡുകളിൽ എഴുതി ഗ്രൂപ്പുകൾക്കു നൽകുന്നു.

1. ഒരു വിദ്യാഭ്യാസ ജില്ലയിലെ ഏതെങ്കിലും വിദ്യാലയത്തിന്റെ 100 മീറ്റർ ചുറ്റളവിൽ മദ്യവിപണനകേന്ദ്രം സ്ഥിതിചെയ്യുന്നുണ്ടോ എന്നറിയുവാൻ വിദ്യാഭ്യാസ ഓഫീസർ ആഗ്രഹിക്കുന്നു.

2. അസംസ്കൃത വസ്തുകളുടെ ലഭ്യത, ഗതാഗത സൗകര്യം, ഊർജ്ജലഭ്യത, ജലലഭ്യത എന്നീ സൗകര്യങ്ങളുള്ള ഒരു സ്ഥലം കണ്ടെത്തി അവിടെ ഇരുമ്പുരുക്ക് വ്യസായയശാല ആരംഭിക്കാൻ ആഗ്രഹിക്കുന്നു.

3. ശക്തമായ മഴ ഡാമിലെ ജലനിരപ്പ് വളരെ ഉയർന്നു.
ഡാമിന്റെ ഷട്ടർ തുറക്കുവാൻ തീരുമാനിച്ചു. ഇതുമൂലം നദികളിൽ ജലനിരപ്പുയർന്ന് എത്രത്തോളം പ്രദേശം വെള്ളത്തിനടിയിലാകും. അവിടത്തെ ജനങ്ങളെ മുൻകൂട്ടി മാറ്റിപാർപ്പിക്കാൻ ആഗ്രഹിക്കുന്നു.

4. വിദ്യാലയത്തിൽ നിന്നും ഒരു പഠന വിനോദയാത്ര പോകാൻ ആഗ്രഹിക്കുന്നു. മനസിൽ കുറെ സ്ഥലങ്ങളുണ്ട്. ആ സ്ഥലങ്ങളെല്ലാം ഒരേ മാർഗത്തിലാണോ എന്നറിയില്ല. ഇവിടങ്ങളിൽ പോയി മടങ്ങാൻ എത്ര ദിവസം വേണമെന്നറിയില്ല. യാത്രക്കായി രണ്ടു ദിവസം മാത്രമേ ലഭിക്കുകയുള്ളൂ. എവിടെ ഹാൾ ബുക്ക് ചെയ്യണം. എവിടെ നിന്നും ഭക്ഷണം കഴിക്കാൻ കഴിയും എന്നൊന്നും അറിയില്ല. ഇതൊക്കെ മുൻകൂട്ടി അറിയാൻ കഴിഞ്ഞിരുന്നെങ്കിൽ ........... ആഗ്രഹിച്ചുപോയി.

**ചർച്ചാ സൂചകങ്ങൾ**

- ഈ ആവശ്യം നിറവേറ്റാൻ അവലംബിക്കാവുന്ന ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതം ഏതാണ്?
- ഏതുതരം വിശകലന സാധ്യതയാണ് ഈ സന്ദർഭത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുക?
- വിശകലനത്തിന്റെ രീതി എങ്ങനെയാണ്?

ചർച്ചാ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളിൽ ധാരണകൾ രൂപപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു.

- ഓവർലെ വിശകലനം
- ആവൃത്തി വിശകലനം
- നെറ്റ്‌വർക്ക് വിശകലനം

ആശയരൂപീകരണത്തിൽ തടസം നേരിടുന്നുവെങ്കിൽ ചുവടെ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**പ്രവർത്തനം 5**





? ഓരോ ചിത്രങ്ങളെയും അറിയപ്പെടുന്ന പേരെന്താണ്

? ഇരുമ്പുരുക്ക് വ്യവസായശാലയ്ക്ക് അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്താൻ മുകളിൽ നൽകിയിട്ടുള്ള പാളികളെ എങ്ങനെ പ്രയോജനപ്പെടുത്താം? ചർച്ചയിലൂടെ പാളികൾ ഒന്നിനു മുകളിൽ ഒന്നായി വച്ച് സ്ഥലം കണ്ടെത്താം എന്ന ധാരണ രൂപപ്പെടുത്തുന്നു.

? സ്ഥലം കണ്ടെത്താൻ സ്വീകരിച്ച വിശകലന സാധ്യത ഏതാണ്?

ഓവർലെ വിശകലനം എന്ന ആശയം രൂപപ്പെടുത്താൻ കഴിയുന്നു.

**പ്രവർത്തനം 6**

ഭൂവിവരങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്താൻ മൂന്ന് തരം ചിഹ്നങ്ങളാണ് ഉപയോഗിക്കുന്നത്

1.  പോയിന്റ് സിംബൽ

2.  രേഖ സിംബൽ

3  ഏരിയാസിംബൽ

? ഓരോ സിംബൽസും ഉപയോഗിച്ച് ചിത്രീകരിക്കാവുന്ന രണ്ട് ഭൂവിവരങ്ങൾ വീതം പറയാമോ?



ഓരോ ചിഹ്നത്തിനു ചുറ്റിലും നിശ്ചിത അകലത്തിൽ ബഫർമേഖല വരച്ചിരിക്കുന്നത് ശ്രദ്ധി

ച്ചല്ലോ  ഈ ബഫർ സോണിനുള്ളിൽ എന്തെങ്കിലും വസ്തുതകൾ വന്നിട്ടുണ്ടോ എന്ന് വിശകലത്തിലൂടെ കണ്ടെത്തുന്നതാണ് ആവൃത്തി വിശകലനം.

ചുവടെ നൽകിയിട്ടുള്ള പ്രവർത്തനം കൂടുതൽ വ്യക്തത ലഭിക്കുന്നതിന് സഹായകമാണ്.

A



B



♦ ചിത്രം Aയിൽ ജില്ലയിലെ വിദ്യാലയങ്ങളാണ്. വിദ്യാലയങ്ങൾക്കു ചുറ്റും 100 മീറ്റർ അകലത്തിൽ ബഫർ മേഖല സൃഷ്ടിച്ചിട്ടുണ്ട്.

♦ ചിത്രം B യിൽ ജില്ലയിലെ മദ്യശാലകളാണ്.

? ബഫർ മേഖലയ്ക്കുള്ളിൽ മദ്യശാലകൾ വന്നിട്ടുണ്ടോയെന്നറിയാൻ ഇനി എന്തുചെയ്യും?

ചർച്ചയിലൂടെ ഓവർലെ ചെയ്താൽ മതി എന്ന ധാരണയിൽ എത്തുന്നു. ഈ രീതിയിൽ വിവരങ്ങളെ വിശകലനം ചെയ്തു നിഗമനങ്ങളിലെത്തുന്നതാണ്. ആവൃത്തി വിശകലനം.

**തുടർ പ്രവർത്തനങ്ങൾ**

സമകാലിക ലോകത്തിൽ വിദൂരസംവേദനവും ഭൂവിവരവ്യവസ്ഥയും എത്രകണ്ട് പ്രയോജനപ്രഥമാണ്.  കുറിപ്പ് തയ്യാറാക്കി വരാൻ ആവശ്യപ്പെടുന്നു.

## യൂണിറ്റ് 5, 6

## ഇന്ത്യ - ഭൗതിക ഭൂമിശാസ്ത്രം; ഇന്ത്യ - വിഭവങ്ങൾ

♦ കൃഷിക്ക് അനുകൂലമായ സാഹചര്യങ്ങൾ എന്തൊക്കെയാണ്?

കുട്ടികൾ നോട്ട് ബുക്കിൽ കുറിക്കുന്നു. ചിലർക്ക് പറയുവാനുള്ള അവസരം നൽകുന്നു. ബോർഡിൽ രേഖപ്പെടുത്തുന്നു.

♦ മഴ ♦ ചൂട് ♦ മണ്ണ് (ഫലപുഷ്ടമായത്)

തുടർന്ന് പാഠഭാഗത്തെ (യൂണിറ്റ് 5) മഴയുടെ വിതരണം ചിത്രീകരിച്ചിട്ടുള്ള ഭൂപടം, യൂണിറ്റ് 6 ലെ മണ്ണിന്റെ വിതരണം ചിത്രീകരിക്കുന്ന ഭൂപടം എന്നിവ പ്രദർശിപ്പിക്കുന്നു.

*(ഭൂപടങ്ങളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ഹിന്റുകൾ ഒഴിവാക്കി നൽകാവുന്നതാണ്)*

♦ മഴകുറവായതിന്റെ പേരിൽ കൃഷിക്ക് പ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങൾ ഉണ്ടോ?

ഇരുഭൂപടങ്ങളും പരിശോധിച്ച് ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടവുമായി തട്ടിച്ചുനോക്കി അത്തരം സംസ്ഥാനങ്ങൾ തിരിച്ചറിയുന്നു.

♦ മഴയുടെ കുറവ് പരിഹരിച്ച് ഈ പ്രദേശങ്ങളിൽ കൃഷി നടത്താൻ എന്തുമാർഗ മാണ് സ്വീകരിക്കാനുള്ളത്?

ചർച്ചയിലൂടെ ജലസേചന സാധ്യത പ്രയോജനപ്പെടുത്തുക എന്ന ആശയം രൂപപ്പെടുന്നു.

♦ ജലസേചന സൗകര്യം രൂപപ്പെടുത്തുന്നതിനു ഡാമുകൾ നിർമ്മിക്കണ്ടേ? അതിനു പറ്റിയ നദികൾ ഇവിടങ്ങളിൽ ഉണ്ടോ?

പ്രാഥമിക നിഗമനം രൂപപ്പെടുത്താൻ അവസരം നൽകിയതിനുശേഷം നദീവ്യവസ്ഥ ചിത്രീ കരിക്കുന്ന ഭൂപടം പരിശോധിക്കാൻ നിർദ്ദേശിക്കുന്നു. ഈ മേഖലകളിൽ നദീതട പദ്ധതി കൾ ആരംഭിക്കാൻ പറ്റിയ നദികൾ തിരിച്ചറിയുന്നു. അവ രേഖപ്പെടുത്തി അവതരിപ്പിക്കു ന്നു.

♦ നിങ്ങൾ കണ്ടെത്തിയ നദികളിൽ നദീതട പദ്ധതികൾ നിലവിലുണ്ടോ?

പാഠഭാഗത്തെ (യൂണിറ്റ് 6) നദീതടപദ്ധതികളെകുറിച്ചുള്ള ടേബിൾ 6.1 പരിശോധിച്ച് ധാരണ രൂപപ്പെടുത്തുന്നു.

**ഗുണഭോക്തൃ സംസ്ഥാനങ്ങൾ ( അനിയോജ്യമായ കോളങ്ങളിൽ ടിക്ക് ചെയ്യുക.**

| നദീതടപദ്ധതി | നദി | പഞ്ചാബ് | ഹരിയാന | രാജസ്ഥാൻ | മധ്യപ്രദേശ് | ആന്ധ്രാപ്രദേശ് | ഗുജറാത്ത് | പശ്ചിമബംഗാൾ | കർണ്ണാടക | ആകെ |
|---|---|---|---|---|---|---|---|---|---|---|
| ദാമോദർ | | | | | | | | | | |
| ഭക്രാനംഗൽ | | | | | | | | | | |
| ഹിരാകുഡ് | | | | | | | | | | |
| കോസിപദ്ധതി | | | | | | | | | | |
| തുംഗഭദ്രാ പദ്ധതി | | | | | | | | | | |
| നാഗാർജ്ജുന സാഗർ | | | | | | | | | | |
| നർമദാ പദ്ധതി | | | | | | | | | | |
| ഇന്ദിരാഗാന്ധി കനാൽ | | | | | | | | | | |
| ആകെ | | | | | | | | | | |

വിലയിരുത്തൽ പ്രവർത്തനമായി മുകളിൽ നൽകിയിട്ടുള്ള പട്ടിക ചാർട്ടിൽ വരച്ച് പ്രദർശിപ്പിച്ചുകൊണ്ട് പട്ടിക പൂർത്തിയാക്കി അതു വിശകലനം ചെയ്താൽ എത്തി ചേരുന്ന വസ്തുതകൾ എന്തെല്ലാമാണ്?

വ്യക്തിഗതമായി പട്ടിക പൂർത്തിയാക്കി നിഗമനങ്ങൾ എഴുതുന്നു. പരസ്പരവിലയിരുത്തൽ നടത്തുന്നു കണ്ടെത്തൽ പൊതുവായി അവതരിപ്പിക്കുന്നു.

- ഇന്ത്യയിൽ വരൾച്ചബാധിത സംസ്ഥാനങ്ങളിലെല്ലാം ജലസേചന സാധ്യതകൾ ഉണ്ട്.
- ഏറ്റവും കൂടുതൽ വരൾച്ചയുള്ള സംസ്ഥാനങ്ങളിലാണ് കൂടുതൽ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നത്
- രാജസ്ഥാന് നാല് പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

**പ്രവർത്തനം 2**

| |
|---|
| കാറ്റിന് അഭിമുഖമായി പർവതചരിവുകളിൽ ശക്തമായ മഴയും പ്രതിമുഖമായ പർവതചരിവുകൾ മഴനിഴൽ പ്രദേശങ്ങളുമാണ്. |



മുകളിൽ നൽകിയിട്ടുള്ള പ്രസ്താവന ചാർട്ടിൽ / BBയിൽ രേഖപ്പെടുത്തി കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുന്നു.

- ഈ പ്രസ്താവന എത്രത്തോളം ശരിയാണ്? വ്യക്തിഗതമായി ചിലർ പ്രതികരിക്കട്ടെ.
- നിങ്ങൾ മുന്നോട്ട് വച്ച നിഗമനം എത്രത്തോളം വസ്തുതാപരമാണ്? എന്ത് തെളിവുകളാണ് നിരത്തുവാനുള്ളത്?

ചില പ്രതികരണങ്ങൾ കേട്ടതിനുശേഷം

- തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റ്, വടക്കുകിഴക്കൻ മൺസൂൺകാറ്റ് എന്നിവ കടന്നു പോകുന്നിടങ്ങളിലെ പർവതങ്ങൾ ഏതൊക്കെയാണ്?

ഈ പർവതക്കങ്ങളുടെ കാറ്റിനഭിമുഖമായ ചെരിവ്, പ്രതിമുഖമമുയ ചെരിവ് എന്നിവ തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക

| കാറ്റ് | പർവതങ്ങൾ | കാറ്റിന് അഭിമുഖം | | | കാറ്റിന് എതിർമുഖം | | |
|---|---|---|---|---|---|---|---|
| | | ചരിവ് | ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ | ലഭിക്കുന്ന മഴയുടെ അളവ് | ചരിവ് | ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ | ലഭിക്കുന്ന മഴയുടെ അളവ് |
| തെക്കു - പടിഞ്ഞാറൻ മൺസൂൺ | | | | | | | |
| വടക്കു കിഴക്കൻ മൺസൂൺ | | | | | | | |

പ്രവർത്തനം പൂർത്തിയാക്കാൻ ആവശ്യമായ സാമഗ്രികൾ

ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം (5.2)

ഭൂപടം - ഉത്തരപർവതമേഖല (5.4)

ഭൂപടം - ഉപദ്വീപിയ പീഠഭൂമി (5.6)



ഭൂപടം - തെക്കുപടിഞ്ഞാറൻ മൺസൂൺകൂലം (5.7)

ഭൂപടം - വടക്കുകിഴക്കൻ മൺസൂൺ കാലം (5.8)

ഭൂപടം - മഴയുടെ വിതരണം (5.9)

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഭൂപടങ്ങളുടെ സഹായത്തോടെ ആദ്യം വ്യക്തിഗതവും പിന്നീട് ഗ്രൂപ്പ് തലത്തിലും പൂർത്തിയാക്കുന്നു. പട്ടിക വിശകലനം ചെയ്ത് കിട്ടുന്ന നിഗമനങ്ങൾ ഓരോരുത്തരും കുറിക്കുന്നു. അവതരിപ്പിക്കുന്നു.

- തെക്കുപടിഞ്ഞാറൻ മൺസൂൺ - പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുഭാഗം, പൂർവാചലിന്റെ തെക്കും തെക്കു - പടിഞ്ഞാറുഭാഗവും, ഹിമാലയത്തിന്റെ തെക്കുഭാഗവും (കാറ്റിന് ആഭിമുഖമായ ഭാഗം)
- വടക്കു-കിഴക്കൻ മൺസൂൺ - പൂർവഘട്ടത്തിന്റെ കിഴക്കുഭാഗം (ആന്ധ്രാപ്രദേശിന്റെയും , തമിഴ് നാടിന്റെയും തീരപ്രദേശങ്ങൾ)
- തെക്കുപടിഞ്ഞാറൻ മൺസൂൺ സ്വാധീനിക്കുന്ന പർവതചരുവുകളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.
- കാറ്റിന്റെ അഭിമുഖഭാഗങ്ങളിൽ മഴ കുറയുന്നു. മഴ നിഴൽ പ്രദേശം സൃഷ്ടിക്കുന്നു.
- പർവതങ്ങളുടെ സാമിപ്യം ഇല്ലാത്തിടങ്ങളിൽ മഴ തീരെ കുറവായാണ് കാണപ്പെടുന്നത്.

**പ്രവർത്തനം 3**

**ആവശ്യമില്ലാത്തപ്പോൾ വൈദ്യുതോപകരണങ്ങൾ സ്വിച്ച് ഓഫ് ചെയ്യുക.**

**പൊതുഗതാഗതത്തെ ആശ്രയിക്കുക**

**വളരെ കുറഞ്ഞ ഊർജത്തിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുക**

**ഊർജ്ജ ഉപകരണങ്ങൾ കാലാകാലങ്ങളിൽ പരിശോധിക്കുക**

**സ്വകാര്യവാഹന ഉപയോഗം കുറയ്ക്കുക.**

♦ എന്തുകൊണ്ടായിരിക്കാം ഇത്തരത്തിലുള്ള നിർദ്ദേശങ്ങളും ഉപയോഗങ്ങളും മുന്നോട്ട് വയ്ക്കുന്നത് ?

ചർച്ചയിലൂടെ (വ്യക്തിഗതം)

♦ ഊർജ പ്രതിസന്ധി

♦ ഊർജ്ജ വിഭവ സംരക്ഷണം - എന്നി ആശയങ്ങളിലെത്തിക്കണം.

♦ ഊർജ്ജ പ്രതിസന്ധിക്ക് കാരണമാകുന്നതെങ്ങനെ?

ചർച്ച നയിക്കപ്പെടേണ്ടത് പരമ്പരാഗത ഊർജ്ജ വിഭവങ്ങളിലേക്കാണ്.

♦ ഊർജ പ്രതിസന്ധി മറിക്കടക്കുന്നതിനും, ഊർജവിഭവ സംരക്ഷണം ഉറപ്പാക്കുന്നതിനും നമുക്ക് എന്തു ചെയ്യുവാൻ കഴിയും?

പരമ്പരാഗത ഊർജ്ജ ഉറവിടങ്ങൾ, പാരമ്പര്യേതര ഊർജവിഭവങ്ങൾ എന്നീ മേഖലകളെ അടിസ്ഥാനമാക്കി ഗ്രൂപ്പുതലത്തിൽ ചർച്ച നടത്തി വസ്തുതകൾ നിരത്തി, ധാരണകൾ രൂപപ്പെടുത്തുന്നു. ഗ്രൂപ്പുതലത്തിൽ അവതരിപ്പിക്കുന്നു. പ്രസക്തമായ പോയിന്റുകൾ BBയിൽ രേഖപ്പെടുത്തുന്നു. തുടർന്ന് രൂപപ്പെടുത്തിയ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും കുറിപ്പുകൾ തയ്യാറാക്കുന്നു. പരസ്പരം വിലയിരുത്തൽ നടത്തുന്നു. പരിമിതികൾ ബോധ്യപ്പെടുന്നു.

## യൂണിറ്റ് 7

## ഇന്ത്യ - വ്യവസായം, ഗതാഗതം, വാർത്താവിനിമയം

**പ്രവർത്തനം 1**

ചില വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കളാണ് താഴെ നൽകിയിട്ടുള്ളത്. അവ ഓരോന്നും ഏതേതു വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക.

- ഇരുമ്പയിര്
- ചുണ്ണാമ്പ്കല്ല്
- ചണം
- പട്ടുനൂൽപ്പുഴു
- ചെമ്മരിയാടിന്റെ രോമം
- മാംഗനീസ്
- മുള
- യൂക്കാലിപ്റ്റസ്
- കൽക്കരി
- ബോക്സൈറ്റ്
- ജിപ്സം
- ഡോളമൈറ്റ്
- പരുത്തിനാര്
- കരിമ്പ്

വ്യക്തിഗതമായി പ്രവർത്തനത്തിൽ ഏർപ്പെടുന്നു. നിശ്ചിതസമയത്തിനുശേഷം കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ അസംസ്കൃത വസ്തുക്കളെ തരംതിരിച്ച് അനിയോജ്യമായ വ്യവസായത്തിൻ കീഴിൽ പട്ടികപ്പെടുത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു. വ്യക്തമായ ധാരണ രൂപപ്പെട്ടു കഴിഞ്ഞാൽ

- നിങ്ങൾ പട്ടികപ്പെടുത്തിയ വ്യവസായങ്ങളെ അസംസ്കൃത വസ്തുക്കളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാമോ? എങ്കിൽ എന്ത് അടിസ്ഥാനത്തിൽ?

പൊതുധാരണയിൽ എത്തുന്നു.

| കൃഷിയധിഷ്ഠിതം, ധാതു അധിഷ്ഠിതം |
|---|

വ്യക്തിഗതമായി വ്യവസായങ്ങളെ കൃഷിയധിഷ്ഠിതം, ധാതു അധിഷ്ഠിതം എന്നിങ്ങനെ വർഗീകരിക്കാൻ അവസരം നൽകണം.

- ഇന്ത്യയിലെ പ്രധാന വ്യവസായ കേന്ദ്രങ്ങളുടെ പേരുകൾ ഒരു ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിക്കുന്നു.
    - ഈ സ്ഥലങ്ങൾ ഓരോന്നും ഏതേതു സംസ്ഥാനങ്ങളിലാണെന്നു പറയാമോ?
    - ഈ സ്ഥലങ്ങൾ ഓരോന്നും ഏതു വ്യവസകേന്ദ്രമാണെന്ന് പറയാമോ?
    - ഈ സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നത് ഏതു ഭൂപ്രകൃതി വിഭാഗത്തിലാണെന്ന് അറിയാമോ?

ചിലർക്ക് അവരുടെ കണ്ടെത്തൽ പറയാൻ അവസരം നൽകാവുന്നതാണ്. വ്യക്തത വരുത്തുന്നതിനായി ഭൂപടം വിശകലനം ചെയ്യാം എന്ന ധാരണയിൽ താഴെ നൽകിയിട്ടു

ഉള്ള പ്രകാരം ഒരു ടേബിൽ അവതരിപ്പിച്ചു കൊണ്ട് ഭൂപടം പരിശോധിച്ച് വിവരങ്ങൾ കണ്ടെത്തി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരം കണ്ടെത്താൻ നിർദ്ദേശിക്കണം.

**ചാർട്ടിൽ പ്രദർശിപ്പിക്കേണ്ട വ്യവസായകേന്ദ്രങ്ങൾ**

| | | |
|---|---|---|
| ♦ സൂറത്ത് | ♦ അഹമ്മദാബാദ് | ♦ അമൃതസർ |
| ♦ ഭിലായ് | ♦ സേലം | ♦ മുംബൈ |
| ♦ ലുധിയാന | ♦ ഹിഗോസാബാദ് | ♦ ബൊക്കാറോ |
| ♦ കാൺപൂർ | ♦ കോയംമ്പത്തൂർ | ♦ ബാംഗ്ളൂർ |
| ♦ സിന്ദ്രി | ♦ ഡാൽമിയ നഗർ | ♦ റൂർക്കേല |
| ♦ ബെൽഗാം | ♦ ദുർഗാപൂർ | ♦ കൊൽക്കത്ത |

ചുവടെ കൊടുത്തിട്ടുള്ള പ്രകാരം ഒരു പട്ടിക തയ്യാറാക്കി ഭൂപടത്തിൽ നിന്നും ഓരോ സ്ഥലവുമായി ബന്ധപ്പെട്ട വിവരങ്ങൾ കണ്ടെത്തി വിശകലനം ചെയ്തു നിഗമനങ്ങളിലെത്താൻ അവസരം നൽകേണ്ടതാണ്.

| | | | കൃഷിയധിഷ്ഠിത വ്യവസായം | | | | ധാതു അധിഷ്ഠിത വ്യവസായം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| സ്ഥലം | സംസ്ഥാനം | ഭൂപ്രകൃതി വിഭാഗം | പരുത്തി തുണി | പഞ്ചസാര | ചണം | പട്ട് | ഇരുമ്പുരുക്ക് | അലുമിനിയം | സിമന്റ് | രാസവളം | ഗ്ലാസ് |
| | | | | | | | | | | | |

പട്ടിക പൂർത്തിയാക്കി രൂപപ്പെടുത്തുന്ന നിഗമനങ്ങൾ വ്യക്തിഗതമായി എഴുതിയത് പരസ്പര വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്.

ഇന്ത്യയുടെ രൂപരേഖയിൽ ചില സ്ഥലങ്ങൾ അടയാളപ്പെടുത്താൻ ഉള്ള അവസരം നൽകുന്നതും അഭികാമ്യമാണ്.



## യൂണിറ്റ് 6

## ജനസംഖ്യയും സാമ്പത്തിക പ്രശ്നങ്ങളും

**രൂപപ്പെടുത്തേണ്ട ആശയങ്ങൾ:**

ക്രമതീതമായി ജനസംഖ്യഉയർന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്

സാമൂഹികം, സാമ്പത്തികം, മതപരം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ജനസംഖ്യാ വർദ്ധനവിനെ ബാധിക്കുന്നുണ്ട്.

വിവിധ പ്രശ്നങ്ങൾ - സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം തുടങ്ങിയവയ്ക്കു കാരണം ജനസംഖ്യാ വർദ്ധനവാണ്.

**പ്രവർത്തനം 1**

താഴെക്കൊടുത്തിരിക്കുന്ന രീതിയിലുള്ള ഫ്ളോചാർട്ട് കുട്ടികൾക്ക് വിതരണം ചെയ്യുന്നു. വിട്ടുപോയ ഭാഗങ്ങൾ ആദ്യം കുട്ടികൾ വ്യക്തിപരമായി കുറിക്കട്ടെ. പിന്നീട് ഗ്രൂപ്പു ചർച്ചക്ക് വിധേയമാക്കി, വ്യക്തതവരുത്തി അവതരിപ്പിക്കട്ടെ.



**പ്രവർത്തനം 2**




(1) മേൽക്കാണിച്ചിരിക്കുന്ന ചിത്രം എന്തിനെ കാണിക്കുന്നു?

(2) a, b, c ഇവ സൂചിപ്പിക്കുന്നതെന്ത്?

(3) a, b എന്നീ ജനവിഭാഗങ്ങൾ ഏതുപേരിലാണറിയപ്പെടുക?

(4) ഇന്ത്യയിലുള്ളത് ഇത്തരത്തിലൊരു അവസ്ഥയാണ്. എങ്കിൽ സാമ്പത്തിക പ്രവർത്തനങ്ങളെ അത് എങ്ങനെ ബാധിക്കും?

**പ്രക്രിയ**

ഒരു ചാർട്ടിലോ, BBയിലോ മേൽക്കാണിച്ചിരിക്കുന്ന ചിത്രം പ്രദർശിപ്പിക്കാവുന്നതാണ്. പ്രായഘടന, വിവിധ പ്രായത്തിലുള്ള വിഭാഗങ്ങൾ, ആശ്രയത്വനിരക്ക്, ഉയർന്ന ആശ്രയത്വനിരക്ക് സാമ്പത്തിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നീ കാര്യങ്ങൾ വ്യക്തമാകും വിധം വേണം പ്രവർത്തനം ക്രമീകരിക്കുവാൻ.

**പ്രവർത്തനം 3**

| ജനസംഖ്യാ വളർച്ച- കാരണങ്ങൾ | ജനസംഖ്യാനയത്തിന്റെ ലക്ഷ്യങ്ങൾ |
|---|---|
| ■ നേരത്തേയുള്ള വിവാഹം | ■ സ്ത്രീകളുടെ വിവാഹപ്രായം 20 വയസ്സിനുമുകളിലാക്കുവാനുള്ള നടപടി സ്വീകരിക്കുക |
| ■ | ■ |
| ■ | ■ |
| ■ | ■ |

(1) മേൽ കാണിച്ചിരിക്കുന്ന പട്ടികപൂർത്തിയാക്കുക.

(2) ജനസംഖ്യാനയം എന്നാലെന്തെന്നു വ്യക്തമാക്കാമോ?

(3) ജനസംഖ്യനയം രൂപീകരിച്ചപ്പോൾ ജനസംഖ്യാവളർച്ചയുടെ കാരണങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ?

ഉണ്ടെങ്കിൽ അവതമ്മിൽ ബന്ധിപ്പിച്ച് നിങ്ങളുടെ വാദഗതി സമർത്ഥിക്കുക.

*അധ്യാപികയോട്*

- *ജനസംഖ്യാവളർച്ചയുടെ കാരണങ്ങളും, ജനസംഖ്യാനയത്തിന്റെ പ്രാധാന്യവും കുട്ടി വ്യക്തമായി അറിയേണ്ടതുണ്ട്.*
- *ജനസംഖ്യാനയത്തിന്റെ രൂപീകരണത്തിൽ ജനസംഖ്യാ വളർച്ചയുടെ കാരണങ്ങൾ കണക്കിലെടുത്തിട്ടുണ്ടെന്നും കുട്ടികണ്ടെത്തണം.*
- *ജനസംഖ്യാനയത്തെ വിമർശനാത്മകമായി വിലയിരുത്തുന്ന ഒരു കുട്ടി ഇന്ത്യൻ ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ ഒരു കാരണമായി ജനസംഖ്യാനയത്തിന്റെ പാളിച്ചയെ ചൂണ്ടിക്കാണിച്ചേക്കാം.*

## യൂണിറ്റ് 10

## അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങൾ

ഹ്രസ്വകാല സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

ദീർഘകാല സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

എണ്ണ കണ്ടെത്താൻ ഗവേഷണം നടത്തുന്ന വികസ്വര രാഷ്ട്രങ്ങളെ സഹായിക്കുന്നു

അംഗരാജ്യങ്ങൾക്ക് സാങ്കേതിക വിദ്യാ സഹായം നൽകുന്നു

ഗുണപരമായ പദ്ധതികൾക്കും രാജ്യത്തിന്റെ പുനരുദ്ധാരണം, വികസനം എന്നിവയ്ക്കും ധനസഹായം നൽകുന്നു.

സങ്കീർണ്ണ സാമ്പത്തിക പ്രശ്നങ്ങൾ തീർക്കുന്നതിന് വിദഗ്ധരുടെ സേവനം തേടുന്നു

വിദേശ വിനിമയ നിയന്ത്രണങ്ങൾ കുറയ്ക്കുന്നു

**പ്രക്രിയ**

ഇപ്രകാരമുള്ള കുറിപ്പുകൾ തയ്യാറാക്കി അധ്യാപിക ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നു. ചെറുചർച്ചയ്ക്ക്ശേഷം:

(1) നിങ്ങൾക്കു ലഭിച്ച കുറിപ്പ് ഏത് ധനകാര്യസ്ഥാപനവുമായി ബന്ധപ്പെട്ടതാണ്?

(2) ഏതു സമ്മേളനത്തിൽവെച്ചാണ് ഇതിന്റെ രൂപീകരണം എന്ന് ഓർക്കുന്നുണ്ടോ?

(3) ഈ സമ്മേളനത്തിലെ പ്രധാന ചർച്ചാ വിഷയങ്ങൾ എന്തൊക്കെയായിരിക്കാം?

(4) ഇപ്പോൾ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാമോ?

*അധ്യാപികയോട്:*

*4 ഗ്രൂപ്പുകൾ IMF നേക്കുറിച്ചും, 4 ഗ്രൂപ്പുകൾ ലോകബാങ്കിനെക്കുറിച്ചുമുള്ള കുറിപ്പുകളാണ് തയ്യാറാക്കുന്നത്. അവയുടെ അവതരണം - മെച്ചപ്പെടുത്തൽ ഇവ തുടർന്ന് നടക്കേണ്ടതുണ്ട്.*

♦ അന്താരാഷ്ട്ര നാണയനിധി (IMF), ലോകബാങ്ക് ഇവയുടെ സവിശേഷതകളാണ് ഗ്രൂപ്പികൾക്കു ലഭിച്ചത്. അവയെ വേർതിരിച്ച് ഒരു പട്ടിക രൂപപ്പെടുത്തുക എന്ന പ്രവർത്തനമാണ് തുടർന്ന് വിദ്യാർത്ഥികൾ പൂർത്തിയാക്കേണ്ടത്.

| അന്താരാഷ്ട്ര നാണയനിധി (IMF) | ലോകബാങ്ക് ( IBRD) |
|---|---|
| •<br>•<br>•<br>• | •<br>•<br>•<br>• |

ഈ മാതൃകയിലുള്ള ഒരു പട്ടിക കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കട്ടെ.......

**പ്രവർത്തനം 2**

ലോകബാങ്കിന്റെ 2 അനുബന്ധസ്ഥാപനങ്ങളുടെ പ്രവർത്തനം/ഘടന താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താമോ?

| സ്ഥാപനത്തിന്റെപേര് / സൂചകങ്ങൾ | അന്താരാഷ്ട്ര വികസന സംഘടന (IDA) | (i) .................................. |
|---|---|---|
| രൂപീകരണം | (ii) ............................. | 1956 |
| പ്രധാന ഉദ്ദേശ്യം | (iii) ...........................<br>......................................<br>....................................... | അംഗരാജ്യങ്ങളുടെ സ്വകാര്യമേഖലയുടെ വികസനം |
| സാമ്യം | (iv) ........................................ | ..................................... |
| വ്യത്യാസം | (v) ........................................ | ലോകബാങ്കിന്റെ പ്രസിഡന്റ് ഇതിന്റെ അനൗദ്യോഗിക ചെയർമാനാണ്. |

**Key**

(1) അന്താരാഷ്ട്ര ധനകാര്യകോർപ്പറേഷൻ (IFC) (2) 1960

(3) പിന്നോക്കരാജ്യങ്ങൾക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മറ്റുമായി ദീർഘകാല ഗ്രാന്റുകൾ ഉൾപ്പെടെയുള്ള സഹായം.

(4) ലോകബാങ്കിൽ അംഗത്വമുണ്ടെങ്കിൽ മാത്രമേ ഇവയിൽ അംഗമാകുവാൻ സാധിക്കൂ.

(5) ലോകബാങ്കിന്റെ പ്രസിഡന്റ് തന്നെയാണ് ഇതിന്റേയും പ്രസിഡന്റ്.

**തുടർപ്രവർത്തനം :**

ഇന്ത്യയും അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളും എന്ന പേരിൽ ഒരു കുറിപ്പു തയ്യാറാക്കുക.

സൂചനകൾ :

ഇന്ത്യയുടെ വർദ്ധിച്ചു വരുന്നപൊതുകടം

തിരിച്ചടയ്ക്കാൻ ശേഷിയില്ലെങ്കിൽ കടക്കെണി ഫലം

വായ്പ വാങ്ങുന്നതിൽ നിയന്ത്രണം വേണം

ഉൽപ്പാദനപരമായ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കണം



## യൂണിറ്റ് 11

## ദേശീയവരുമാനം

**പ്രവർത്തനം 1**




അജയന്റെ ചോദ്യത്തിന് സിന്ധു നൽകിയ മറുപടി എന്താണെന്ന് പറയാമോ? എന്നിട്ട് ഇവരെ ഈ പട്ടിക പൂർത്തിയാക്കുവാൻ സഹായിക്കൂ........

| കൂടുംബവരുമാനം | .................................................... |
|---|---|
| ♦ ......................................................... ......................................................... ......................................................... ♦ വിവിധമാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനം കൂട്ടിയെടുക്കുന്നു | ♦ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി പ്രതിഫലിപ്പിക്കുന്നു. ♦ ................................................................ ................................................................ ................................................................ |

*അധ്യാപികയോട് :*

*ദേശിയവരുമാനം എന്ന ആശയം കുട്ടിയിലുറപ്പിക്കുവാനുള്ള അന്തരീക്ഷം ക്ലാസ്മുറിയിലൊരുക്കണം. പട്ടിക പൂർത്തിയാക്കുവാൻ സഹായിക്കുന്നതോടൊപ്പം ദേശീയ വരുമാന പഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന രീതിയിൽ പ്രവർത്തനം കൊണ്ടുപോകണം.*

**പ്രവർത്തനം 2**

ദേശീയ വരുമാനത്തിന്റെ പ്രാധാന്യം എന്ന വിഷയത്തെ ആധാരമാക്കി ഒരു ലഘു ഉപന്യാസം തയ്യാറാക്കുവാൻ രഘുവിനു ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ ഒരു ചെറുകുറിപ്പു തയ്യാറാക്കാമോ?

**പ്രക്രിയ**

ഒരു വർക്ക്ഷീറ്റിന്റെ രൂപത്തിൽ കുട്ടികൾക്ക് സൂചനകൾ നൽകുകയോ, അവ BBയിൽ എഴുതുകയോ ചെയ്യാവുന്നതാണ്. കുട്ടികൾ വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കട്ടെ. പിന്നീട് ഗ്രൂപ്പിൽ ചർച്ചചെയ്തു മെച്ചപ്പെടുത്തട്ടെ. 3-4 എണ്ണമെങ്കിലും ക്ലാസിൽ അവതരിപ്പിക്കപ്പെടണം.

**ഉൽപ്പാദനമെച്ചം കാണാൻ**

**പ്രതിശീർഷവരുമാനം കാണാൻ**

**രാജ്യങ്ങളുടെ താരതമ്യപഠനത്തിന്**

**ആസൂത്രണത്തിന്**

**സാമ്പത്തിക പ്രശ്ന പരിഹാരത്തിന്**

**സാമ്പത്തിക വളർച്ചാ നിരക്ക്**

**പ്രവർത്തനം 3**

ദേശീയ വരുമാനം കണക്കാക്കുവാനുള്ള രീതികളെ കാണിക്കുന്ന ഓരോ ഷീറ്റുകൾ വിദ്യാർത്ഥികൾക്കു നൽകുന്നു (ഗ്രൂപ്പുകൾക്ക്) അവയിലെ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു






**പ്രക്രിയ**

ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള മൂന്നു രീതികളുടെ സൂചനകളടങ്ങിയ മേൽപ്പറഞ്ഞ പ്രകാരമുള്ള ഷീറ്റുകൾ ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നു. കണ്ടെത്തിയ വിവരങ്ങൾ രേഖപ്പെടുത്തി ഗ്രൂപ്പ് അടിസ്ഥാനത്തിൽ അവർ അവതരിപ്പിക്കട്ടെ.

*അധ്യാപികയോട്*

*മേൽപറഞ്ഞ ഏതുരീതി അവലംബിച്ചാലും ദേശീയ വരുമാനം കണക്കാക്കപ്പെടുകയാണ് ചെയ്യുന്നതെന്നും, അതിന്റെ ഫലം ഒന്നുതന്നെയാണെന്നും, പ്രവർത്തനത്തിന്റെ അവസാനം consolidate ചെയ്യേണ്ടതുണ്ട് അതായത്,*

**ഉൽപ്പാദന രീതി = വരുമാന രീതി = ചെലവുരീതി**

**പ്രവർത്തനം 4**

എന്റെ വരുമാനം വെളിപ്പെടുത്തുവാൻ ഞാൻ തയാറല്ല- ഒരു വ്യവസായി

എന്റെ അമ്മയുടെ സേവനത്തിന് ഒരുവിലയുമില്ലേ ? അത് ദേശീയ വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതല്ലേ - രാഹുൽ

ഞാനെത്ര ചെലവാക്കിയെന്ന് എനിക്കുതന്നെ അറിയില്ല - രാമചന്ദ്രൻ

അയാളുടെ വരുമാനം ചോദിച്ചിട്ടു കാര്യമില്ല. അയാൾക്ക് അക്ഷരഭ്യാസം പോലുമില്ല - കനേഷുമാരി ഉദ്യോഗസ്ഥൻ

അയാൾ എനിക്കു നൽകിയ സേവനത്തിന്റെ മൂല്യം എങ്ങനെ കണക്കാക്കും - നരേശൻ

**പ്രക്രിയ**

മേൽ കാണിച്ചവിധമുള്ള കുറിപ്പുകൾ അധ്യാപിക ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നു. നമുക്കുപരിചയമുള്ള ഏതെങ്കിലും മേഖലയുമായി ഇതിനെ ബന്ധിപ്പിക്കാമോ എന്ന ചോദ്യത്തിലൂടെ ദേശീയ വരുമാനം തിട്ടപ്പെടുത്തുന്നതിലെ പ്രയാസങ്ങൾ എന്ന ഭാഗം അധ്യാപിക വിദ്യാർത്ഥികളെ കൊണ്ട് കുറിപ്പുരൂപത്തിൽ തയാറാക്കിക്കുന്നു.

## യൂണിറ്റ് - 12

## ബിസിനസ് സ്ഥാപനങ്ങൾ - പ്രവർത്തനങ്ങളും അകൗണ്ടിംഗും

**പ്രവർത്തനം 1**

പ്രശ്നം 1

> 'ബാലു 50000 രൂപ മുതൽ മുടക്കി ഒരു ബിസിനസ് ആരംഭിച്ചു' എന്ന ഇടപാടിനെ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയത് ഡെബിറ്റ് കോളത്തിലായിരുന്നു. ഇതുകണ്ട, മാളുവിന് സംശയം. പണം പുറത്തേക്കുപോകുന്നത് ക്രഡിറ്റ് കോളത്തിലും, പണം വരുന്നത് ഡെബിറ്റ് കോളത്തിലുമല്ലേ രേഖപ്പെടുത്തേണ്ടത്? ഇവിടെ 50,000 ബാലുവിൽ നിന്നും പോകുന്ന സാഹചര്യത്തിൽ ഇതു ക്രഡിറ്റ് കോളത്തിലല്ലേ രേഖപ്പെടുത്തേണ്ടത്?

മുകളിൽ കൊടുത്തിട്ടുള്ളത് ഒരു വായനാക്കുറിപ്പായി ചാർട്ടിൽ രേഖപ്പെടുത്തി കുട്ടിയുടെ മുന്നിൽ അവതരിപ്പിക്കുക. ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ഒപ്പം ചോദിക്കാവുന്നതാണ്.

- മാളു ഉന്നയിച്ച സംശയം വസ്തുതാപരമാണോ?
- ഇവിടെ പ്രയോഗിക്കപ്പെടുന്നത് ഏത് അക്കൗണ്ടിംഗ് തത്വമാണ്?
- മാളുവിന്റെ സംശയത്തിനു നൽകാൻ കഴിയുന്ന മറുപടിയെന്താണ്?

വ്യക്തിഗതമായി ചോദ്യങ്ങളോടുപ്രതികരിക്കുന്നു. ക്രോഡീകരണത്തിനുമുൻപായി അടുത്ത പ്രശ്നം അവതരിപ്പിക്കുന്നു.

**പ്രശ്നം 2**

> 2 ലക്ഷം രൂപ മുതൽ മുടക്കി അബ്ദു ഒരു കച്ചവടമാരംഭിച്ചു. എന്നാൽ ഒരു മാസത്തിനുശേഷം കച്ചവടം നിർത്തേണ്ട സാഹചര്യമുണ്ടായി. വലിയ തുക അബ്ദുവിന് നഷ്ടമാവുകയും ചെയ്തു.

ഇവിടെ പാലിക്കപ്പെടാതെ പോയത്
അകൗണ്ടിങ്ങിന്റെ ഏതുതത്വമാണ്?

വ്യക്തിഗതമായി പ്രതികരിക്കുന്നു. ക്രോഡീകരണത്തിനു മുൻപ് അടുത്ത പ്രശ്നം അവതരിപ്പിക്കുന്നു.

**പ്രശ്നം 3**

> ശിവരാമപിള്ള ഒരു ഹോട്ടൽ നടത്തുന്നു. ആതിഥേയ മര്യാദയുള്ള ഒരു വ്യക്തിയായ ഇദ്ദേഹം തന്റെ വീട്ടിലെത്തുന്നവരെ നന്നായി സൽക്കരിക്കുക പതിവാണ്. പലപ്പോഴും പിള്ളയുടെ സൽക്കാരത്തിനു പാത്രമായിട്ടുള്ള തോമസു

കുട്ടി ഒരിക്കൽ ഹോട്ടൽ സന്ദർശിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. പതുവുപോലെ കൈകഴുകി പോകാനൊരുങ്ങിയ തോമസുകുട്ടിയുടെ കയ്യിലേക്ക് പിള്ളേച്ചൻ ബില്ലുനൽകിയപ്പോൾ തോമസുകുട്ടി ഞെട്ടിപ്പോയി.

ശിവരാമപിള്ളയുടെ ഈ പ്രവർത്തിയിലൂടെ അക്കൗണ്ടിംഗിലെ ഏതു തത്വമാണ് പാലിക്കപ്പെട്ടത്? മുകളിൽ കൊടുത്തിട്ടുള്ള മൂന്നു പ്രശ്നങ്ങളുടേയും പ്രാഥമിക നിഗമനത്തിനുശേഷം, കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പുതലത്തിൽ ചർച്ചചെയ്ത് ധാരണകൾ രൂപപ്പെടുത്തുന്നതിന് അവസരമൊരുക്കണം. രൂപപ്പെട്ടധാരണകൾ പൊതുവിൽ അവതരിപ്പിച്ച് വ്യക്തത വരുത്തുകയും വേണം.

**പ്രവർത്തനം 2**

ഒരു വ്യക്തി ഒരു ഇലക്ട്രോണിക് ഗാർഹിക ഉൽപ്പന്നം നിർമ്മിച്ചുവിപണിയിലിറക്കുന്നതിനായി ഒരു വ്യവസായശാല ആരംഭിച്ചു. ഓണത്തിനു 2 മാസം മുമ്പ് ഉൽപ്പന്നം വിപണിയിലെത്തിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ ഓണത്തിനു 2 ദിവസം മുമ്പു മാത്രമാണ് മാർക്കറ്റിൽ പ്രസ്തുത ഉൽപ്പന്നം എത്തിക്കുവാൻ സാധിച്ചത്. ഉൽപ്പന്നത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കാൻ ഉൽപ്പാദകനു കഴിഞ്ഞതുമില്ല. ഓണ സീസണിൽ ഒരു ഉൽപ്പന്നം പോലും വിൽക്കാനായില്ല.

ബിസിനസ്സ് സ്ഥാപനങ്ങൾ എന്ന യൂണിറ്റ് പഠന വിധേയമാക്കിയവർ എന്ന നിലയിൽ പ്രസ്തുത ഉൽപ്പാദകന്റെ ദുരവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്താൻ നിങ്ങൾക്കു കഴിയുമോ? എന്തുപരിഹാരമാർഗ്ഗങ്ങളാണ് ഇതോടൊപ്പം നിർദ്ദേശിക്കാനുള്ളത്?

പ്രാഥമിക നിഗമനം രൂപപ്പെടുത്തി വ്യക്തിപരമായി അവതരിപ്പിക്കുവാനുള്ള അവസരം നൽകേണ്ടതാണ്.

തുടർന്ന് ഗ്രൂപ്പുതലത്തിൽ അഭിപ്രായരൂപീകരണം നടത്തുവാനുള്ള അവസരം നൽക്കുക. ആവശ്യമെങ്കിൽ പാഠപുസ്തകത്തിന്റെ സഹായം തേടട്ടെ..

ഗ്രൂപ്പ് രൂപപ്പെടുത്തിയ ആശയങ്ങൾ പൊതുവായി അവതരിപ്പിക്കുവാനുള്ള അവസരം നൽകേണ്ടതാണ്.

**സൂചനകൾ**

- പരാജയകാരണം - ഡിപ്പാർട്ടുമെന്റുകളുടെ അഭാവം
- വിവിധ ഡിപ്പാർട്ടുമെന്റുകളും അവയുടെ പ്രവർത്തനങ്ങളും